കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# രാമനാട്ടുകര നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട് 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.8/1684/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട് -20

ഫോൺ. 0495-2371012

E-mail: ddlfakkd@yahoo.in

തീയ്യതി :18 .08.2017

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ, (സെക്രട്ടറി മുഖേന)

രാമനാട്ടുകര നഗരസഭ, കോഴിക്കോട്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമനാട്ടുകര നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭ കൗൺസിലിന്റെ പ്രത്യേക യോഗം ചേർന്ന് ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻ മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെ പകർപ്പ് പൊതുജന ശ്രദ്ധക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടം.14, 15 എന്നിവ കാണുക.)

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23 കേരള മുനിസിപ്പാലിറ്റി പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടം.21(1),(2) എന്നിവ കാണുക.)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
4. കാര്യാലയ പ്രതി.

നം.കെ.എസ്.എ.കെ.കെ.ഡി.പി.8/1684 /2017 തീയതി: 18-8-2017

# *കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.*

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 05.11.2016 മുതൽ 24.05.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടികൾ പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ അധികാരികൾ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഉണ്ണികൃഷ്ണൻ.പി, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.05.2017 മുതൽ 31.05.2017വരെ (ചെലവ് ഓഡിറ്റ്)<br>08.08.2017 മുതൽ 11.08.2017 വരെ (വരവ് ഓഡിറ്റ്) |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം.വാസുദേവൻ, ഓഡിറ്റ് ഓഫീസർ (ഹഗ്രേ)<br>(25-5-2017 മുതൽ 31-5-2017 വരെ)<br>ശ്രീമതി.ഇന്ദുലേഖ.എ, ഓഡിറ്റ് ഓഫീസർ<br>(8-8-2017 മുതൽ 11-8-2017 വരെ)<br>ശ്രീമതി.ഷൈനി.പി, അസി.ഓഡിറ്റ്ഓഫീസർ<br>(25-5-2017 മുതൽ 31-5-2017 വരെ)<br>ശ്രീ.ഷിപിൻ പീറ്റർ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.നിമ്മി.സി , സീനിയർഗ്രേഡ്ഓഡിറ്റർ<br>ശ്രീമതി. ഇന്ദുകല.സി.വി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. വാഴയിൽ രാമകൃഷ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.അബ്ദുൾ നാസിർ.വി.പി | 01.04.2016 മുതൽ 02.04.2016വരെ<br>21.05.2016 മുതൽ 31.05.2016 |

| | | |
|---|---|---|
| | | വരെ |
| | ശ്രീമതി. മേരി.കെ | 02.04.16 മുതൽ 20.05.2016 വരെ<br>01.06.2016 മുതൽ 30.06.2016 വരെ |
| | ശ്രീ.സുരേഷ് കുമാർ | 01.07.2016 മുതൽ 31.03.2017 വരെ |
| സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾ | ശ്രീമതി.ബീന പ്രഭ. -ക്ഷേമകാര്യം | 01.04.2016 മുതൽ 31.03.2017 വരെ |
| | ശ്രീ.അബ്ദുൾ സമദ് കെ.പി – വികസനം | 01.04.2016 മുതൽ 31.03.2017 വരെ |
| | ശ്രീ.ഷംസുദീൻ – ആരോഗ്യകാര്യം | 01.04.2016 മുതൽ 31.03.2017 വരെ |
| | ശ്രീ.മണ്ണൊടി രാമദാസൻ -വിദ്യാഭ്യാസം, കലാകായികം | 01.04.2016 മുതൽ 31.03.2017 വരെ |
| | ശ്രീമതി.ജമീല – മരാമത്ത് | 01.04.2016 മുതൽ 31.03.2017 വരെ |
| | ശ്രീ.സജീന. പി.കെ – ധനകാര്യം | 01.04.2016 മുതൽ 31.03.2017 വരെ |

(സി) മറ്റു നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ.രാജേഷ് കുമാർ.എം.പി | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.മനോജ്.കുമാർ .എം | 01.04.2016 മുതൽ 18.07.16വരെ<br>19.09.2016 മുതൽ 06.10.2016വരെ |
| | ശ്രീമതി.സുധി സോമരാജൻ | 18.07.2016 മുതൽ 19.09.2016വരെ |
| | ശ്രീ.റഡോൾഫ് | 07.10.2016 മുതൽ 31.03.2017വരെ |
| വെറ്റിനറി സർജൻ | ഡോ.മഞ്ജുഷ | 01.04.2016 മുതൽ 31.03.2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി.മോളി ശശികല .കെ | 01.04.2016 മുതൽ 31.03.2017വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.മീനാകുമാരി.കെ<br>ശ്രീമതി.പ്രസീജ | 01.04.2016 മുതൽ 31.01.2017വരെ<br>01.02.2017 മുതൽ 31.03.2017വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ജോയ് ജോൺ | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച് .സി | ഡോ. സുരേഷ്. | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.സറീന .എൻ | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ഷെരീഫാ ബീഗം | 01.04.2016 മുതൽ 31.03.2017വരെ |
| വി.ഇ.ഒ. | ശ്രീ.സന്തോഷ് പി | 01.04.2016 മുതൽ 31.03.2017വരെ |

| | | |
|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ശോഭന.എം. | 01.04.2016 മുതൽ 31.03.2017വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1-പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം -2 | |
| 12 | വാർഷികകണക്കുകളുടെ അവലോകനം | 2-1 |
| 13 | രശീതി പരിശോധനയിൽ കണ്ട അപാകതകൾ | 2-2 |
| 14 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ. | 2-3 |
| 15 | തണ്ണീർത്തടങ്ങളിലെ അനധികൃത നിർമ്മാണം. | 2-4 |
| 16 | കെട്ടിട നിർമ്മാണ പൂർത്തീകരണ കാലയളവ് കണക്കാക്കി വസ്തു നികുതി ഈടാക്കിയില്ല. | 2-5 |
| 17 | മൊബൈൽ ടവറുകൾക്ക് കെട്ടിട നമ്പർ നൽകി വസ്തു നികുതി ഈടാക്കുന്നില്ല. | 2-6 |
| 18 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നില്ല. | 2-7 |

| | | |
|---|---|---|
| 19 | വസ്തു നികുതി പരിഷ്കരണം - അവലോകനം. | 2-8 |
| 20 | തൊഴിൽ നികുതി-അപാകതകൾ | 2-9 |
| 21 | മുഖ്യ നഗരാസൂത്രകന്റെ അനുമതിയില്ലാതെ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകി | 2-10 |
| 22 | കെട്ടിട നിർമ്മാണത്തിന് അനുമതി നൽകൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത | 2-11 |
| 23 | ഡി ആന്റ് ഒ ലൈസൻസ് ഫീ പുതുക്കാത്ത സ്ഥാപനങ്ങൾ | 2-12 |
| 24 | ഡി ആന്റ് ഒ ലൈസൻസ് ഫീ-നിരക്ക് നിശ്ചയിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല. | 2-13 |
| 25 | വാടക ഈടാക്കുന്നതിന് മുൻസിപ്പാലിറ്റിക്ക് ബൈലോ ഇല്ല. | 2-14 |
| 26 | വാടകക്കാർ കരാർ വെച്ചിട്ടില്ല. | 2-15 |
| 27 | മുനിസിപ്പാലിറ്റി പരിധിയിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. | 2-16 |
| 28 | പരസ്യ നികുതി ലേലം - അപാകതകൾ | 2-17 |
| 29 | ലേല കുടിശ്ശിക ഈടാക്കിയില്ല | 2-18 |
| 30 | കംഫർട്ട് സ്റ്റേഷൻ ലേലം-ലേല തുക മുഴുവനായും ഈടാക്കിയില്ല | 2-19 |
| 31 | നഗരസഭ പരിധിയിലെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. | 2-20 |
| 32 | ടെൻഡർ ഫീ, വാറ്റ് -എന്നിവ അടവാക്കാത്തത് സംബന്ധിച്ച് | 2-21 |
| ഭാഗം-3 | | |
| 33 | നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് വിദ്യാലയം നടത്തുന്നു. | 3-1 |
| 34 | അങ്കണവാടി പൂരക പോഷകാഹാര പദ്ധതി(എസ് സി പി)-മാർഗരേഖ പ്രകാരം ഓരോ വിഭാഗത്തിലെയും ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കാതെ പ്രോജക്ട് തയ്യാറാക്കി | 3-2 |
| 35 | മുൻസിപ്പാലിറ്റിയിലെ അങ്കണവാടികളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നില്ല | 3-3 |
| 36 | കരിങ്കല്ല് പാകിയതിന് മുകളിൽ കോൺക്രീറ്റ് ചെയ്തു. | 3-4 |
| 37 | പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കിയ മരാമത്ത് പ്രവൃത്തികളിൽ ഓവർഹെഡ് ചാർജ്ജ് കൂടി ഉൾപ്പെട്ട തുകക്ക് കോൺട്രാക്ടറുടെ ലാഭം അനുവദിച്ചു. | 3-5 |

| | | |
|---|---|---|
| 38 | വിദ്യാർത്ഥികൾക്ക് (എസ്.റ്റി) മേശ വാങ്ങൽ സർക്കാർ നിശ്ചയിച്ച നിരക്ക് പരിഗണിച്ചില്ല. | 3-6 |
| 39 | എസ്.സി വിദ്യാർഥികൾക്ക് സൈക്കിൾ വിതരണം-വിതരണ രേഖകളില്ല | 3-7 |
| 40 | സാറ്റലൈറ്റ് ഡയറി ഫാം - അപാകതകൾ | 3-8 |
| 41 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകൽ - അപാകതകൾ | 3-9 |
| 42 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ - കൈമാറിയ തുകക്കുള്ള മരുന്നുകൾ ലഭിച്ചില്ല | 3-10 |
| 43 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ - കൈമാറിയ തുകക്കുള്ള മുഴവൻ മരുന്നുകളും ലഭിച്ചില്ല | 3-11 |
| 44 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി - സർക്കാർ ഉത്തരവ് പാലിക്കാതെ തുക ചെലവഴിച്ചു | 3-12 |
| 45 | വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല. | 3-13 |
| 46 | ആശ്രയ ഗുണഭോക്താക്കളെ പരിഗണിക്കാതെ പദ്ധതികൾ നടപ്പാക്കുന്നു. | 3-14 |
| 47 | സ്വയം തൊഴിൽ സംരംഭങ്ങൾ പ്രവർത്തന രഹിതം. | 3-15 |
| 48 | വായനശാലക്ക് ഫർണിച്ചർ-വിതരണ രേഖകളില്ല | 3-16 |
| 49 | ഭവന നിർമ്മാണ പ്രോജക്ടുകൾ നടപ്പിലാക്കിയതിലെ അപാകതകൾ | 3-17 |
| 50 | പ്രോജക്ട് രൂപീകരണം-മാർഗരേഖയിൽ നിന്നും വ്യതിചലനം | 3-18 |
| 51 | ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി ലഭ്യമാക്കിയില്ല. | 3-19 |
| ഭാഗം-4 | | |
| 52 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 53 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 54 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 55 | ഡെപ്പോസിറ്റ് വവായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 56 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 57 | ഓഡിറ്റ് റിക്കവറി | 4-6 |
| 58 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 59 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 60 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 2.03.2016 തീയതിയിലെ 1-)o നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കുറവ് | കൂടുതൽ | (+)/(-) |
| മുന്നിരിപ്പ് | 1400000 | 7690943 | 6290943 | | |
| വരവ് | 370734000 | 68628680 | 302105320 | | |
| ആകെ | 372134000 | 76319623 | 295814377 | | |
| ചെലവ് | 369017350 | 58078710 | 310938640 | | |
| നീക്കിയിരിപ്പ് | 3116650 | 18240913 | 15124263 | | |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 31.07.17 | ----- | --------- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 27.07,17 | |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7690943 |
| വരവ് | 69375682 |
| ആകെ | 77066625 |
| ചെലവ് | 58087997 |
| നീക്കിയിരിപ്പ് | 18978628 |

## 1-5 ഫണ്ട് വിനിയോഗം (സാംഖ്യ എ. സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (ബജറ്റ് പ്രകാരം) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1944624 | 10849168 | 1293792 | 10849168 | 1944624 | 100 |
| വികസനഫണ്ട് എസ്.സി.പി. | 5666367 | 6577770 | 12244137 | 6577770 | 5666367 | 100 |
| വികസനഫണ്ട് ടി.എസ്.പി. | ----- | 42582 | 42582 | 12000 | 30582 | 28.18 |
| സംരക്ഷണഗ്രാന്റ് റോഡ് | 300000 | 2349933 | 264993 | 1413917 | 1236016 | 60.17 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1616971 | 2999634 | 4616605 | 1730463 | 2886142 | 57.69 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1492138 | 5530904 | 7023042 | 4343129 | 2679913 | 78.2 |
| പെർഫോമൻസ് ഗ്രാന്റ് | -- | | | 2451038 | | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 177 | 75536256 | 98 | 35800447 | 10 | 69 | 55 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം...35ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 9041608 | 14656225 | 5614617 | |
| നികുതിയേതര വരവുകൾ | 4246267 | 4393118 | 146851 | |
| മറ്റുവരവുകൾ | 281563 | 50319 | -231244 | |
| ആകെ | 13569438 | 4899662 | 8669776 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 90120 | 79 |
| കർഷകതൊഴിലാളി പെൻഷൻ | 2068970 | 98 |
| വിധവാപെൻഷൻ | 10897550 | 43 |
| വാർദ്ധക്യകാലപെൻഷൻ | 16635725 | 56 |
| വികലാംഗപെൻഷൻ | 2827915 | 32 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 887340 | 23 |
| വിവാഹധനസഹായം | 2,40,000 | 8 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.05.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16926 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചുവരുന്നു. വസ്തുനികുതി, തൊഴിൽ നികുതി സംബന്ധമായ രജിസ്റ്ററുകളും ശരിയായി തയ്യാറാക്കിയിട്ടുണ്ട്. വസ്തുനികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തി (മാപ്പിംഗ്)പൂർത്തിയായിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ആവർത്തനചെലവുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിവരങ്ങൾ ചേർത്ത് കാലികമാക്കുന്നില്ല.

പഞ്ചായത്തിന്റെ പ്രധാനപ്പെട്ട തനത് വരുമാനമായ വസ്തുനികുതി പിരിവ് തൃപ്തികരമല്ല. വാർഷികകണക്കുകൾ പ്രകാരം 16-17 വർഷം വസ്തു നികുതിയിനത്തിൽ 20 ലക്ഷത്തോളം രൂപ കുടിശ്ശികയുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ നിന്ന് പെർമിറ്റ് എടുക്കുന്ന എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി നികുതി പരിധിയിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. വിശദാംശങ്ങൾ ചേർത്ത് പെർമിറ്റ് രജിസ്റ്റർ പൂർത്തീകരിക്കേണ്ടതാണ്.

<u>തനതു ഫണ്ട് ചെലവുകൾ</u>

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടുമുണ്ട്.

തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. എങ്കിലും പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക, കൺസ്യൂമർ നമ്പർ, സപ്ലൈ ഏരിയ, വാർഡുകളിലെ ബൾബുകൾ/ട്യൂബ് ലൈറ്റുകൾ/ ഫ്ളൂറസെന്റ് ലാമ്പുകൾ/ സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ എണ്ണം, താരീഫ് നിരക്ക്, കറന്റ് ചാർജ്ജ് എന്നിവയുടെ വിശദാംശങ്ങൾ സൂചിപ്പിയ്ക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

മറ്റ് നിർവ്വഹണോദ്യോസ്ഥരായ അസി.എഞ്ചിനീയർ, കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, വി.ഇ.ഒ, മെഡിക്കൽ ഓഫീസർമാർ എന്നിവരുടെ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.11.15-16.11.15 | 08/15-10/15 | വിവരം ലഭ്യമാക്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമാക്കിയിട്ടില്ല | - | - |

## ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ അവലോകനം

1) വസ്തുനികുതി സഞ്ചയ പ്രകാരമുള്ള കണക്കുകളിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ ടാലിയാകുന്നില്ല. സാംഖ്യ പ്രകാരമുള്ള കുടിശ്ശിക കണക്കുകളും ടാലിയാകുന്നില്ല.

2) പഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യ പത്രി കയിൽ ചേർത്തിട്ടില്ല. സാംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേയ്ക്ക് മാറുന്ന തീയതി വരെ സൃഷ്ടിച്ച ആസ്തികളുടെ മൂല്യം ബാലൻസിലുൾപ്പെടുത്തിയിട്ടില്ല.

3) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

4) ലോൺ രജിസ്റ്റർ പ്രകാരം സാമ്പത്തികവർഷാവസാനം അടവാക്കാനുള്ള തുകയും വാർഷിക കണക്കിലെ ബാലൻസ് തുകയും വ്യത്യാസപ്പെട്ടിരിയ്ക്കുന്നു.

5) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായും കാലികമായും എഴുതി പൂർത്തീകരിയ്ക്കാത്തതിനാൽ ആയവ വാർഷികകണക്കിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത വ്യക്തമല്ല.

6) വരവിനങ്ങളുടെ ഡി.സി.ബി വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 2-2 രശീതി പരിശോധനയിൽ കണ്ട അപാകതകൾ

നഗരസഭയിൽ 2016-17 ഓഡിറ്റിന്റെ ഭാഗമായി രശീതികൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

ഓഡിറ്റ് കാലയളവിൽ രശീതി ബുക്ക് നം. 31 മുതൽ 80 വരെ 50 രശീതി ബുക്കുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ട് (ലഭ്യമായ തീയതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല ). ഇവയിൽ 31 മുതൽ 51 വരെയുള്ള രശീതി ബുക്കുകൾ 21 ബുക്കുകൾ ഇഷ്യൂ ചെയ്തിട്ടുണ്ട്. ഇതിൽ വെറ്ററിനറി സർജന് 17.03.2017 ൽ ഇഷ്യൂ ചെയ്ത 50ാം നം. രശീതി ബുക്ക് 24.03.2017 ന് തിരികെ നൽകിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ രശീതി ബുക്ക് പിന്നീട് ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. ഇതിന് ശേഷം 51ാം രശീതി 11.04.2017 മുതൽ ഓഫീസ് കലക്ഷനു വേണ്ടി ഉപയോഗിക്കുന്നുണ്ട്.(സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല).

31.05.2017തീയതിയിൽ രശീതി ബുക്കുകളുടെ നീക്കിയിരിപ്പിന്റെ ഭൗതിക പരിശോധനയിൽ 29 ബുക്കുകൾ നീക്കിയിരിപ്പായി ശേഷിക്കുന്നുണ്ട്. 50ാം നം. രശീതി ബുക്ക് ഉൾപ്പടെ നീക്കിയിരിപ്പ് 30 എണ്ണം ഉണ്ടാവണം. സ്റ്റോക്കിലെ കുറവ് പരിഹരിച്ച് ഭൗതിക പരിശോധനയ്ക്കായി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ, ഓഫീസ് കലക്ഷനു വേണ്ടി രശീതി ബുക്കുകൾ കൈപ്പറ്റുമ്പോൾ കൈപ്പറ്റുന്ന ഉദ്യോഗസ്ഥൻ പേര്, തസ്തിക, തീയതി ഇവ രേഖപ്പെടുത്തി ഒപ്പുവെയ്ക്കുന്നില്ല.

ഉദാ:- 27, 28 നമ്പർ രശീതി ബുക്കുകൾ ഇഷ്യൂ ചെയ്ത തീയതി, കൈപ്പറ്റിയ തീയതി, കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. (സ്റ്റോക്ക് രജിസ്റ്റർ പേജ് 74).

സാംഖ്യ സ്റ്റേഷനറികൾ കൃത്യമായി സ്റ്റോക്കിലെടുക്കുന്നില്ല.

നഗരസഭയിൽ കൈപ്പറ്റുന്ന സാംഖ്യ രശീതി സ്റ്റേഷനറികളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. പകരം ഫ്രണ്ട് ഓഫീസിലേക്ക് ഇഷ്യൂ ചെയ്യുന്ന വിവരം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിലും പലതിലും തീയതി, കൈപ്പറ്റുന്ന ഉദ്യോഗസ്ഥന്റെ പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല. ഉദാ: - 17701-17900, 17901- 18100 (പേജ് നം. 12) കൂടാതെ, ഓരോ ദിവസങ്ങളിലും ഉപയോഗിക്കുന്ന സ്റ്റേഷനറികളുടെ എണ്ണം, നീക്കിയിരിപ്പ് എന്നിവ രേഖപ്പെടുത്തുന്നതിന് ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, ഇതുമായി ബന്ധപ്പെട്ട് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ഇത് കാരണം ഓഡിറ്റ് കാലയളവിൽ ഉപയോഗിച്ച സാംഖ്യ സ്റ്റേഷനറികളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2. ഗുണഭോക്തൃ വിഹിതം കലക്ട് ചെയ്യുന്നതിനായി കൃഷി ഓഫീസർ ഉപയോഗിച്ച രശീതി ബുക്കുകളിൽ പേജുകളുടെ സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല.

3. റദ്ദ് ചെയ്യുന്ന പല രശീതികളിലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല.

ഉദാ:- സ്റ്റേഷനറി നം. 00919826, 00919822, 34/3323/13.02.2017, 34/3323/ 13.02.2017, 37/3604/10.02.2017. 38ാം നം. രശീതി ബുക്കിലെ 3712 മുതൽ 3800 വരെ രശീതികൾ റദ്ദ് ചെയ്തിട്ടുണ്ട്. എന്നാൽ റദ്ദ് ചെയ്ത രശീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/2016-17 തീ. 31.05.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത വിശദീകരിക്കേണ്ടതാണ്.

## 2-3 വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതി സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം.3 ൽ നഗരസഭ പരിധിയിലെ ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം സെക്രട്ടറി വസ്തു നികുതി ചുമത്തി ഈടാക്കണം. ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പടെ)വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പരുകൾ നൽകിയിട്ടുണ്ടെങ്കിലോ, ഒരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്. ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1)ൽ പരാമർശിക്കുന്ന തരത്തിൽ വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്. ചട്ടം .4 (1) ൽ നഗരസഭ പരിധിയിലെ കെട്ടിടങ്ങളെ എങ്ങനെ ഇനം തിരിച്ച് കണക്കാക്കാമെന്ന് വിശദീകരിച്ചിട്ടുണ്ട്.

1. പാർപ്പിടാവശ്യത്തിനു ഉപയോഗിക്കുന്നവ.
2. വ്യാവസായികാവശ്യത്തിനു ഉപയോഗിക്കുന്നവ.
3. വിദ്യാലയങ്ങൾക്കോ, ആശുപത്രികൾക്കോ ഉപയോഗിക്കുന്നവ.
4. അമ്യൂസ്മെന്റ് പാർക്ക്, മൊബൈൽ ടെലഫോൺ ടവർ എന്നിവയ്ക്കായി ഉപയോഗിക്കുന്നവ.
5. വാണിജ്യ ആവശ്യത്തിനു ഉപയോഗിക്കുന്നവ.
6. മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവ.
7. സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും ഇനം കെട്ടിടങ്ങൾ.

മേൽ വിവരിച്ച നിയമ വ്യവസ്ഥകൾ നിലനിൽക്കേയാണ് നഗരസഭ പരിധിയിൽ 100 ച.മീ വിസ്തൃതിക്കു മുകളിൽ നിർമ്മാണം പൂർത്തീകരിക്കുന്ന വാണിജ്യ കെട്ടിടങ്ങളിലെ മുറികൾക്ക് ഒരോന്നിനും പ്രത്യേക നമ്പർ അനുവദിക്കുന്നത്. ഒരു വ്യക്തിയുടെ തന്നെ കെട്ടിടത്തിലെ വിവിധ മുറികൾക്ക് ഇപ്രകാരം നമ്പർ നൽകുന്നത് വഴി നികുതി നിർണ്ണയിച്ചപ്പോൾ 100 ചതുരശ്ര മീറ്ററിനു താഴെ വരികയും നിയമപരമായി നഗരസഭ ഫണ്ടിന് ലഭിക്കേണ്ട നികുതിയിൽ കുറവ് വരുകയും ചെയ്തു. നഗരസഭ പരിധിയിലെ 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണം വരുന്ന വാണിജ്യ ആവശ്യത്തിനു ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 80/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു താഴെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 70/- രൂപ നിരക്കിലുമാണ് നികുതി ഈടാക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ താഴെ പറയുന്ന കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് വിവിധ നമ്പർ നൽകി വസ്തു നികുതി ഈടാക്കിയപ്പോൾ ഓരോ ഒക്ക്യുപ്പൻസിയുടെ വിസ്തീർണത്തിനും കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണയിച്ചതായി കാണുന്നു.

- ഫയൽ നം - എ.3/4857/14
- പെർമിറ്റ് നം, തീയ്യതി - ബി.എൽ.76/14-15, 07.06.2014
- സർവ്വേ നം.396/2
- സ്ഥല വിസ്തീർണ്ണം - 3.89 സെന്റ്

- തറ നില വിസ്തീർണ്ണം - 81.01 ച.മീ.
- ഒന്നാം നില വിസ്തീർണ്ണം - 81.01 ച.മീ.
- കെട്ടിട നിർമ്മാണ പൂർത്തീകരണ തീയ്യതി - 11.02.2016
- നികുതി അടവാക്കിയ തീയ്യതി, രശീതി നം - 19.09.2016, 11603105093 [2015-16 (II nd half)മുതൽ]

| കെട്ടിട നം | ഉടമയുടെ പേര് | ഈടാക്കിയ നികുതി (ച.മീറ്ററിനു)+ ലൈ. സെസ്സ് | ഈടാക്കേണ്ട നികുതി (ച.മീറ്ററിനു)+ ലൈ. സെസ്സ് | കുറവ് വന്ന നികുതി | ലൈ. സെസ്സ് |
|---|---|---|---|---|---|
| 7/480 A തറ നില | ശ്രീ.മുഹമ്മദ്, പുതിയ വീട്ടിൽ | 19.61 x70 = 1373/- (1372.3)<br>1373 + 5%(L.C) =<br>1373+ 69 = 1442 | 19.61 x 80= 1569/- (1568.8)<br>1569 + 5%(L.C) =<br>1569+ 79 = 1648 | 196 | 10 |
| 7/480 B തറ നില | | 18.40 x70 = 1288/-<br>1288 + 5%(L.C) =<br>1288+ 64 = 1352 | 18.40 x 80 = 1472/-<br>1472 + 5%(L.C) =<br>1472+ 74 = 1546 | 184 | 10 |
| 7/480 C തറ നില | | 18.10 x70 = 1267/-<br>1267 + 5%(L.C) =<br>1267+ 63 = 1330 | 18.10 x80 = 1448/-<br>1448 + 5%(L.C) =<br>1448+ 73 = 1521 | 181 | 10 |
| 7/480 D തറ നില | | 24.90 x70 = 1743/-<br>1743 + 5%(L.C) =<br>1743+ 87 = 1830 | 24.90 x80 = 1992/-<br>1992 + 5%(L.C) =<br>1992+ 100 = 2092 | 249 | 13 |
| 7/480 E ഒന്നാം നില | | 19.60 x70 = 1373/- (1372.3) 1373 x 5% (ഇളവ്)= 1305<br>1305 + 5%(L.C) =<br>1305 + 66 = 1371 | 19.60 x80 = 1568/-<br>1568 x 5% (ഇളവ്)= 1490<br>1490 + 5%(L.C) =<br>1490 + 75 = 1565 | 185 | 11 |
| 7/480 F ഒന്നാം നില | | 18.40 x 70 = 1288/-<br>1288 x 5% (ഇളവ്)= 1244<br>1244 + 5%(L.C) =<br>1244 + 63 = 1307 | 18.40 x80 = 1472/-<br>1472 x 5% (ഇളവ്)= 1399<br>1399 + 5%(L.C) =<br>1399 + 70 = 1469 | 155 | 7 |
| 7/480 G ഒന്നാം നില | | 18.10 x70 = 1267/-<br>1267 x 5% (ഇളവ്)= 1204<br>1204 + 5%(L.C) =<br>1204 + 61 = 1265 | 18.10 x 80 = 1448/-<br>1448 x 5% (ഇളവ്)= 1376<br>1376 + 5%(L.C) =<br>1376 + 69 = 1445 | 172 | 8 |
| 7/480 H ഒന്നാം നില | | 24.90 x70 = 1729/-<br>1729 x 5% (ഇളവ്)= 1643<br>1643 + 5%(L.C) =<br>1643 + 83 = 1726 | 24.90 x 80 = 1992/-<br>1992 x 5% (ഇളവ്)= 1893<br>1893 + 5%(L.C) =<br>1893 + 95 = 1988 | 250 | 12 |
| ആകെ കുറവ് | | | | 1572 | 81 |

നഗരസഭ പരിധിയിലെ വാണിജ്യ കെട്ടിടത്തിൽ നിന്നും മേൽ വിവരിച്ച രീതിയിൽ കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയതും നിർണയിച്ചതുമായ കെട്ടിടങ്ങളെ കൂടുതൽ പരിശോധന നടത്തി കണ്ടെത്തി ഈ ഇനത്തിൽ വന്ന

നഷ്ടം നികത്താനുള്ള ശ്രമങ്ങൾ അടിയന്തിരമായി നടത്തേണ്ടതാണ്.

## 2-4 തണ്ണീർത്തടങ്ങളിലെ അനധികൃത നിർമ്മാണം.

2008-ലെ കേരള നെൽവയൽ, തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ്.11 പ്രകാരം നിയമം വന്ന ശേഷം തണ്ണീർത്തടങ്ങളിൽ സർക്കാരിന്റെ അനുമതിയില്ലാതെ യാതൊരു രൂപ പരിണാമവും വരുത്താൻ പാടുള്ളതല്ല. എന്നാൽ നഗരസഭ (മുൻഗ്രാമപഞ്ചായത്ത്) പരിധിയിലെ വാണിജ്യപരമായ ആവശ്യങ്ങൾക്കുള്ള കെട്ടിടത്തിന്റെ ഫയലുകൾ പരിശോധിച്ചതിൽ പ്ലോട്ടുകളുടെ ആധാരങ്ങൾ, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം ഭൂമിയുടെ തരം 'വെറ്റ് ലാന്റ്' എന്ന് രേഖപ്പെടുത്തിയ കെട്ടിട നിർമ്മാണത്തിനും പെർമിറ്റ് അനുവദിച്ച് പൂർത്തീകരണം നടത്തിയതിന് നമ്പർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| Ex. floor | 73.33 | • ഫയൽ നം.എ.3/3675/15<br>• ഉടമസ്ഥന്റെ പേര് - ശ്രീ.ഉണ്ണികൃഷ്ണൻ, വൈദ്യരങ്ങാടി<br>• പെർമിറ്റ് നം. - BL/366/2013-14തീയതി 18.11.2013.<br>• കെട്ടിടത്തിന്റെ വിനിയോഗ ഗണം - വാണിജ്യം<br>• വില്ലേജ് - രാമനാട്ടുകര<br>• സർവ്വേ നം. - 503/1A- 8.75 സെന്റ്.<br>• പൂർത്തീകരണ തീയ്യതി. 23.03.2015 |
| G.F (Proposed) | .54 | |
| F.F | 89.35 | |
| S.F | 15.12 | |
| | 178.34 | |

നെൽവയൽ നികത്തി കെട്ടിട നിർമ്മാണം നടത്തുമ്പോൾ 2008 ലെ കേരള നെൽ വയൽ- തണ്ണീർത്തട സംരക്ഷണ നിയമത്തിലെ സെക്ഷൻ. 3 പ്രകാരം നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെ നെൽ വയലുകൾ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യാൻ പാടുള്ളതല്ല. പൊതു ആവശ്യത്തിനായി നെൽവയൽ പരിവർത്തനപ്പെടുത്തുന്ന അപേക്ഷകളുടെ കാര്യത്തിൽ സംസ്ഥാനതല സമിതിയുടെ പരിഗണനയ്ക്കായാണ് അയച്ചു കൊടുക്കേണ്ടത്. പൊതു ആവശ്യങ്ങൾ എന്നത് എന്തൊക്കെയാണെന്ന് 2008-ലെ നെൽ വയൽ സംരക്ഷണ നിയമത്തിലെ സെക്ഷൻ (2) (XIV) പ്രകാരമുള്ള നിർവ്വചനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിയമം ബാധകമാക്കാതെയും കെട്ടിട നിർമ്മാണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സ്വീകരിച്ചു.

സർക്കുലർ നമ്പർ 4545/ ആർ.എ1/11 ത.സ്വ.ഭ.വ തി. 22.1.2011 പ്രകാരം നിലങ്ങളിൽ വാസഗൃഹങ്ങൾക്കല്ലാതെ മറ്റ് യാതൊരുവിധ നിർമ്മാണങ്ങൾക്കും സെക്രട്ടറി പെർമിറ്റ് അനുവദിക്കുവാൻ പാടില്ലാത്തതാകുന്നു. തരം നിലമായ ഭൂമിയിൽ വാസഗൃഹങ്ങൾക്കല്ലാതെ അനുമതി നൽകാൻ സെക്രട്ടറിയ്ക്ക് അധികാരമില്ലാതിരിക്കെയാണ് വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന് അനുമതി നൽകിയതിടനടിസ്ഥാനമാക്കിയ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-5 കെട്ടിട നിർമ്മാണ പൂർത്തീകരണ കാലയളവ് കണക്കാക്കി വസ്തു നികുതി ഈടാക്കിയില്ല.

31.10.2015 വരെ രാമനാട്ടുകര ഗ്രാമപഞ്ചായത്ത് ആയിരുന്നു. തുടർന്ന് നഗരസഭയായി മാറിയെങ്കിലും ഗ്രാമപഞ്ചായത്ത് കാലയളവിൽ അനുമതി നൽകിയ കെട്ടിട നിർമ്മാണ അനുമതികൾക്ക് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളാണ് ബാധകം. മേൽ ചട്ടം. 24(1) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അനുശാസിക്കുന്ന വിധത്തിൽ ഏതെങ്കിലും കെട്ടിടം പണിയുകയോ, പുതുക്കി പണിയുകയോ ചെയ്യുന്ന സംഗതിയിൽ കെട്ടിടം പൂർത്തിയാക്കുകയോ, പുതുക്കി പണിയുകയോ, കെട്ടിടത്തിൽ ആൾ താമസിക്കുകയോ, കെട്ടിടം മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് നേരത്തേ സംഭവിക്കുന്നത്, ആ തീയ്യതി മുതൽ പതിനഞ്ച് ദിവസത്തിനകം, കെട്ടിട ഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച് നോട്ടീസും പതിനൊന്നാം ചട്ടപ്രകാരമുള്ള വസ്തു നികുതി റിട്ടേണും നൽകേണ്ടതും ആ അർദ്ധ വർഷാരംഭം മുതൽ പുതുക്കിയ വാർഷിക വസ്തു നികുതി നൽകാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. എന്നാൽ അങ്ങനെയുള്ള തീയ്യതി ഒരു അർദ്ധവർഷത്തിന്റെ ഒടുവിലത്തെ രണ്ട് മാസത്തിനുള്ളിൽ വരികയാണെങ്കിൽ ഉടമസ്ഥൻ ആ അർദ്ധവർഷത്തേക്ക് ആ കെട്ടിടം സംബന്ധിച്ച് പുതുക്കിയ നിരക്കിലുള്ള വാർഷിക നികുതി ഇളവ് ചെയ്തു കിട്ടുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ ഒഡിറ്റ്

വർഷത്തിൽ നഗരസഭ പരിധിയിലെ താഴെ പറയുന്ന കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് ഉടമസ്ഥർ പൂർത്തീകരണ തീയ്യതി രേഖാമൂലം നൽകിയിട്ടും പൂർത്തീകരണ കാലയളവ് കണക്കാക്കി വസ്തു നികുതി ഈടാക്കിയില്ല.

(അടിസ്ഥാന വസ്തു നികുതി 100 ച.മീ തറവിസ്തീർണ്ണത്തിൽ അധികം വരുന്ന വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 80/- രൂപയാണ്)

| കെട്ടിട ഉടമസ്ഥന്റെ പേര്, മേൽവിലാസം തരം | ആകെ വിസ്തീർണ്ണം (ച.മീ) | പെർമിറ്റ് നമ്പർ, വർഷം | നിർമ്മാണം പൂർത്തീകരിച്ച തീയ്യതി | അടിസ്ഥാന വസ്തു നികുതി കെട്ടിട നം | മേഖല വർദ്ധനവ് ഉൾപ്പടെയുള്ള നികുതി |
|---|---|---|---|---|---|
| ശ്രീ.ഉണ്ണികൃഷ്ണൻ, ശ്രീശൈലം വൈദ്യരങ്ങാടി (പി.ഒ) രാമനാട്ടുകര (വാണിജ്യ കെട്ടിടം) റീ.സ. നം. 503/1A | G.F 73.87 F.F 89.35 S.F 15.12 178.34 | Bl.366/ 13-14, 18.11.2013 | 23.03.2015 | 80/- 8/111A 8/111B 8/111C 8/111D | 178.34 x 80 = 14267.20 = 14268/- 14267.2x20% = 14267.2+2853.44 = 17120.64 = 17121 + L.C 856.05 = 857 |

01.04.2015 മുതൽ പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി ഈടാക്കേണ്ടതാണെങ്കിലും ഉടമസ്ഥൻ നൽകിയ പൂർത്തീകരണ സർട്ടിഫിക്കറ്റിൻമേൽ നടപടി സ്വീകരിച്ച് തീർപ്പാക്കിയത് 12.05.2016 നാണ്. (ഫയൽ നം.എ.3-3675/15). ആയതിന്റെ അടിസ്ഥാത്തിൽ 2016-17 സാമ്പത്തിക വർഷത്തിലെ ആദ്യ അർദ്ധവർഷം മുതലാണ് നികുതി ഈടാക്കിയത്. കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് വിവിധ നമ്പർ നൽകി വസ്തു നികുതി ഈടാക്കിയപ്പോൾ ഓരോ ഒക്യുപ്പൻസിയുടെ വിസ്തീർണത്തിനും കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണയിച്ചു. (70/- രൂപ നിരക്കിൽ). ഇത് നഗരസഭ ഫണ്ടിന് നഷ്ടം വരുത്തിയിട്ടുണ്ട്. അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണ കാലയളവ് കണക്കാക്കി നികുതി ഈടാക്കേണ്ടതാണ്.

## 2-6 മൊബൈൽ ടവറുകൾക്ക് കെട്ടിട നമ്പർ നൽകി വസ്തു നികുതി ഈടാക്കുന്നില്ല.

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം.130 പ്രകാരം നഗരസഭ പരിധി പ്രദേശങ്ങളിൽ യാതൊരാളും, ഏതെങ്കിലും സർക്കാരിതര വാർത്താ വിനിമയ ഗോപുരങ്ങൾ [വാർത്താ വിനിമയ ളുണ് നിർമ്മാണങ്ങളോ, അനുബന്ധ മുറികളോ] സെക്രട്ടറിയിൽ നിന്നും പ്രത്യേകം അനുവാദം ലഭിക്കാതെ നിർമ്മിക്കുവാനോ അല്ലെങ്കിൽ പുനർനിർമ്മിക്കുവാനോ അല്ലെങ്കിൽ മാറ്റം വരുത്തുവാനോ, അവ ചെയ്യിക്കുവാൻ ഇടയാക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. നഗരസഭ പരിധികളിലെ ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ എസ്.ആർ.ഓ.നമ്പർ 34/2011 പ്രകാരം ഗസ്റ്റിൽ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഈ നിരക്കുകൾ 2011ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്.

നഗരസഭ വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും 13മൊബൈൽ ടവറുകൾ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നതായി കാണുവാൻ കഴിഞ്ഞു. എന്നാൽ കാര്യാലയത്തിൽ സൂക്ഷിക്കുന്ന വസ്തു നികുതി രജിസ്റ്ററുകളിൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതായി രേഖപ്പെടുത്തിയിട്ടില്ല. ടവറിനോടൊപ്പമുള്ള അനുബന്ധ കെട്ടിടങ്ങളുടെ നികുതി മാത്രമാണ് ഈടാക്കുന്നത്.

നഗരസഭ പരിധിയിലെ മൊബൈൽ ടവറുകളുടെ വിവരങ്ങൾ ലഭ്യമായിരുന്നിട്ടും മേൽ ടവറുകൾക്ക് കെട്ടിട നമ്പർ അനുവദിക്കാതെ വസ്തു നികുതി ഈടാക്കാതിരുന്നത് ശരിയായ നടപടിയല്ല. നഗരസഭ പരിധിയിലെ ടവറുകളുടെ തറവിസ്തീർണ്ണത്തിനടിസ്ഥാനപ്പെടുത്തി നികുതി നിർണ്ണയിച്ച് (മുൻകാല പ്രാബല്യത്തിൽ) ഈടാക്കി ഓഡിറ്റിൽ രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്

## 2-7 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 230(4) പ്രകാരം ഓരോ മുനിസിപ്പാലിറ്റിക്കും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസ്റ്റ് നമ്പർ 80 ൽ 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ.

നമ്പർ 35/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം മുനിസിപ്പാലിറ്റി പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടിക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2016-17 സാമ്പത്തിക വർഷത്തിൽ നഗരസഭയിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനം | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് കത്തിക്കൽ | 7,50,391/- |

നിയമപരമായി നഗരസഭ ഫണ്ടിന് ലഭിക്കേണ്ട സേവന ഉപനികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 2-8 വസ്തു നികുതി പരിഷ്കരണം - അവലോകനം.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം രാമനാട്ടുകര ഗ്രാമപഞ്ചായത്ത് (നിലവിൽ നഗരസഭ) പരിധിയിലുള്ള കെട്ടിടങ്ങളുടെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ 01.04.2011 ന് പ്രാബല്യത്തിൽ വരുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുകയും ആയത് സംബന്ധിച്ച് പ്രാഥമിക അറിയിപ്പ് 29.09.2011 തിയ്യതിയിൽ (എ.3/8623/11) പഞ്ചായത്ത് നോട്ടീസ് ബോർഡിലും ദിനപത്രത്തിലും പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിക്കുകയും ചെയ്തു. നികുതി നിർണ്ണയത്തിന് വേണ്ടി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളെ പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല, റോഡുകളുടെ തരം എന്ന് തരം തിരിച്ച് വിജ്ഞാപനം ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ച് ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ ചേർക്കും പ്രകാരം പുനർ നിർണ്ണയിക്കുകയും ചെയ്തു.

| ക്രമ നം | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം | നികുതി നിരക്ക് ച.മീ |
|---|---|---|
| 1 | പാർപ്പിട ആവശ്യത്തിനുള്ളവ | 5 രൂപ |
| 2 | വാണിജ്യാവശ്യത്തിനുള്ളവ<br>• 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ,ഹോട്ടൽ | 50 രൂപ |
| | • 100ച.മീറ്ററനുകളിൽതറവിസ്തീർണ്ണമുള്ള ഹോട്ടൽ.ഷോപ്പുകൾ | 60 രൂപ |
| | • 200 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ,ഹോട്ടൽ | 60രൂപ |
| | • 200ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഹോട്ടൽ | 80 രൂപ |
| | • ബങ്കുകൾ,പെട്ടിക്കടകൾ,കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷനുകൾ | 50 രൂപ |
| 3 | ഓഫീസ് ആവശ്യത്തിനുള്ളവ<br>(വ്യവസായ ശാലകളോടനു ബന്ധിച്ചുള്ള ആഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) | 40 രൂപ |
| 4 | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 5 രൂപ |
| 5 | ആശുപത്രികൾ | 7രൂപ |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, കല്യാണ മണ്ഡപം,<br>ആഡിറ്റോറിയം, സിനിമാ തിയേറ്റർ, ലോഡ്ജ് | 35 രൂപ |
| 7 | വ്യവസായ ആവശ്യത്തിനുള്ളവ<br>1-കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്, ഇഷ്ടിക ചൂള, പീലിംഗ് ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, പട്ടുനൂൽ ഷെഡ് | 10 രൂപ |
| | 2-ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 40 രൂപ |
| 8 | റിസോർട്ടുകൾ | 90 രൂപ |

| | | |
|---|---|---|
| 9 | അമ്യൂസ്മെന്റ് പാർക്ക് | 40 രൂപ |
| 10 | മൊബൈൽ ടെലിഫോൺ ടവർ | 500 രൂപ |

2013 ഏപ്രിൽ.1 മുതൽ പുതുക്കിയ നിരക്കിൽ ( പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ) വസ്തുനികുതി പ്രാബല്യത്തിൽ വന്നു. 2013-14 സാമ്പത്തിക വർഷത്തിൽ പഴയ നികുതി നിരക്കിൽ വസ്തുനികുതി 100 ശതമാനം പിരിച്ചെടുത്തതിന് ശേഷമാണ് പുതുക്കിയ നിരക്കിൽ വസ്തുനികുതി നിലവിൽ വന്നത്. സ്ഥാപനത്തിൽ സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. 185 ച.മീറ്ററിന് മുകളിലും അതിന് താഴെയും വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് മാറ്റം വരുത്തിയതായും അല്ലാത്തവയ്ക്ക് മാറ്റം വരുത്തിയിട്ടില്ല എന്നും സഞ്ചയ സോഫ്റ്റ്വേറിൽ രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. പഴയ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയ ഭാഗങ്ങളിൽ പുതുക്കിയ നിരക്കിലും പഴയ ഭാഗത്തിന് നിലവിലുള്ള കെട്ടിടമായും കണക്കിലെടുത്താണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. 60 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടഉടമകളിൽ നിന്നും ഒന്നിൽ കൂടുതൽ കെട്ടിടങ്ങളില്ല എന്ന സത്യവാങ്മൂലം ഹാജരാക്കിയതിന് ശേഷം മാത്രമാണ് 2015-16 മുതൽ നികുതി ഒഴിവാക്കി നൽകുന്നത്. വിമുക്ത ഭടൻമാരിൽ നിന്നും ഏപ്രിൽ 10നു മുമ്പ് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ വസ്തുനികുതി ഒഴിവാക്കി നൽകുന്നുണ്ട്. കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തുമ്പോൾ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, വഴി സൗകര്യം, തറ വിസ്തീർണ്ണം, മേൽക്കൂരയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം, തറ നിർമ്മിതിയുടെ തരം, ഉപയോഗം, സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് എന്നീ ഘടകങ്ങൾ കണക്കിലെടുത്ത് ഇളവുകളും അതിനനുസരിച്ചുള്ള വർദ്ധനവും ഉറപ്പ് വരുത്തിയിട്ടുണ്ട്. നിലവിൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം നഗരസഭ പരിധിയിലെ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| നഗരസഭ പരിധിയിലെ ആകെ കെട്ടിടങ്ങളുടെ എണ്ണം. | 14644 |
| • പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണം. | 8664 |
| • വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണം | 5203 |
| • വ്യാവസായിക ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണം. | 539 |
| • വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണം. | 49 |
| • മൊബൈൽ ടവറുകളുടെ എണ്ണം | 13 |
| • സർക്കാർ, അർദ്ധ സർക്കാർ കെട്ടിടങ്ങളുടെ എണ്ണം | 12 |
| • മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം. (ഓഡിറ്റോറിയം, ലോഡ്ജ്, കല്യാണ മണ്ഡപം, കൺവെൻഷൻ സെന്റർ തുടങ്ങിയവ) | 109 |
| • നികുതി ഇളവുള്ള കെട്ടിടങ്ങളുടെ എണ്ണം. | 190 |

കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തുമ്പോൾ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, വഴി സൗകര്യം, തറ വിസ്തീർണ്ണം, മേൽക്കൂരയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം, തറ നിർമ്മിതിയുടെ തരം, ഉപയോഗം, സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് എന്നീ ഘടകങ്ങൾ കണക്കിലെടുത്ത് ഇളവുകളും അതിനനുസരിച്ചുള്ള വർദ്ധനവും ഉറപ്പ് വരുത്തിയിട്ടുണ്ട്. സഞ്ചയ നികുതി നിർണ്ണയ സോഫ്റ്റ്വേറിൽ മേൽ വിവരങ്ങൾ രേഖപ്പെടുത്തിയെങ്കിൽ മാത്രമാണ് പുതുക്കിയ നിരക്കിൽ നിരക്കിൽ നികുതി നിർണ്ണയിക്കുന്നതിന് സാധ്യമാകുകയുള്ളൂ. സഞ്ചയയിൽ മുഴുവൻ കെട്ടിടങ്ങൾക്കും ഡിജിറ്റൽ സിഗ്നേച്ചർ നൽകിയിട്ടുണ്ട്. സഞ്ചയ ഡാറ്റാ എൻട്രിയിൽ പഴയ എല്ലാ കെട്ടിടങ്ങൾക്കും 25% കുറഞ്ഞ നികുതി വർദ്ധനവും ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലും നികുതി നിലവിൽ വന്നിട്ടുണ്ട്.

<u>മുനിസിപ്പാലിറ്റി നിരക്ക് പ്രാബല്യത്തിൽ വന്നില്ല.</u>

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 233 പ്രകാരമാണ് നഗരസഭകളിൽ വസ്തുനികുതി ഈടാക്കി വരുന്നത്. മുനിസിപ്പൽ കോർപ്പറേഷനുകളുടെ കാര്യത്തിൽ, കോർപ്പറേഷൻ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടേയും അതിനോട് ചേർന്നിരിക്കുന്ന ഭൂമിയുടേയും വാർഷിക മൂല്യത്തിന്റെ 12% മുതൽ 25% വരെ (നിരക്ക്

കൗൺസിൽ തീരുമാനിക്കുന്ന പ്രകാരം) വസ്തു നികുതി ചുമത്തണം. 07.10.2009 മുതൽ നിലവിൽ വന്ന ഈ ഭേദഗതിയിൽ നഗരസഭ പ്രദേശങ്ങളിലെ കെട്ടിടങ്ങളെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ (i) പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നവ (ii) വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്നവ തുടങ്ങിയ രീതിയിൽ തരം തിരിക്കാനും, ഓരോ കെട്ടിടത്തിന്റെയും ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണയിക്കാനും വ്യവസ്ഥ ചെയ്യുന്നുണ്ട്. മുകളിൽ പറഞ്ഞ പ്രകാരം, ഉപയോഗക്രമമനുസരിച്ച് ഓരോയിനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ വസ്തു നികുതി നിരക്കുകളുടെ കൂടിയതും കുറഞ്ഞതുമായ പരിധി നിശ്ചയിച്ച് കൊണ്ടുള്ള ചട്ടങ്ങൾ [2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതി സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ] 01.04.2011 മുതൽ നിലവിൽ വന്നു. [ഗസറ്റ് നമ്പർ.80 തീയതി.14.01.2011, ജി.ഒ(പി)18/2011/തസ്വഭവ.14.01.2011]

01.04.2011 മുതൽ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ നിലവിൽ വന്നപ്പോൾ അത് നടപ്പാക്കിയതിന് പൊതുജനങ്ങളിൽ നിന്നും നിരവധി പരാതി ഉയർന്നു വരികയും ഒരു വിഭാഗം വ്യാപാരികൾ ഇതിനെതിരെ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി നികുതി പരിഷ്കരണം നടപ്പാക്കുന്നത് താൽകാലികമായി സ്റ്റേ ചെയതു. നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ഈടാക്കുന്ന നികുതി നിരക്കാണ് ഈടാക്കുന്നത്. പുതിയ കെട്ടിടങ്ങൾക്ക് മുനിസിപ്പലിറ്റി നിയമത്തിൽ അനുശാസിക്കുന്ന നിരക്കിൽ നികുതി ഈടാക്കുന്നുണ്ട്. 2011 ലെ കേരള മുനിസിപ്പലിറ്റി (വസ്തു നികുതിയും സേവന നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം നഗരസഭ പരിധിയിലുള്ള കെട്ടിടങ്ങളുടെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ 01.04.2016 ന് പ്രാബല്യത്തിൽ വരുത്തുന്നതിന് കൌൺസിൽ തീരുമാനമെടുക്കുകയും ആയത് സംബന്ധിച്ച് പ്രാഥമിക അറിയിപ്പ് 05.10.2016 തിയ്യതിയിൽ (ബി.3/9336/16) നോട്ടീസ് ബോർഡിലും ദിനപത്രത്തിലും (മാതൃഭൂമി 09.10.2016) പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

## 2-9 തൊഴിൽ നികുതി-അപാകതകൾ

2016-17 വർഷത്തിൽ തൊഴിൽ നികുതി ഇനത്തിൽ രാമനാട്ടുകര മുൻസിപ്പാലിറ്റിയുടെ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റും കളക്ഷനും താഴെ കൊടുക്കുന്നു.

ഡിമാന്റ് – ഇൻസ്റ്റിറ്റ്യൂഷൻ/പ്രൊഫഷണൽസ്/ട്രേഡേഴ്സ്-13,31,050

ഡിമാന്റ് – എംപ്ലോയീസ് -29,45,072/-

കളക്ഷൻ – ഇൻസ്റ്റിറ്റ്യൂഷൻ/പ്രൊഫഷണൽസ്/ട്രേഡേഴ്സ്-13,26,825/-

കളക്ഷൻ – എംപ്ലോയീസ് -29,45,072/-

അപാകതകൾ താഴെ കൊടുക്കുന്നു.

1.കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 253 പ്രകാരം നടപടികൾ സ്വീകരിച്ച് തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെയും, വ്യക്തികളുടെയും പേരും മേൽവിലാസവുമടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരമുള്ള രജിസ്റ്റർ സെക്ഷനിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2.വകുപ്പ് 257 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയിൽ ഡിമാന്റ് രജിസ്റ്റർ ഉണ്ടെങ്കിലും ആയത് വാർഡ് അടിസ്ഥാനത്തിലല്ല സൂക്ഷിച്ചിരിക്കുന്നത്.

3.ഡിമാന്റ് രജിസ്റ്ററിൽ സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ വോള്യം രണ്ടിൽ എം.ഡി.ഹോസ്പിറ്റൽ, ഭാരതീയ വിദ്യ നികേതൻ, ഭവൻസ് പൾസർ, ഭവൻസ് പ്ലാറ്റിനം ജൂബിലി, ഭവൻസ് രാമകൃഷ്ണൻ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

5.2016-17 വർഷത്തിൽ കുടിശ്ശികയായി 9,070/- രൂപ ലഭിച്ചിട്ടുണ്ടെങ്കിലും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 2-10 മുഖ്യ നഗരാസൂത്രകന്റെ അനുമതിയില്ലാതെ കെട്ടിട നിർമ്മാണത്തിന് അനുമതി

<u>നൽകി</u>

ശ്രീ.പി.സി.കുഞ്ഞി മുഹമ്മദ്, ഉമ്പയിൽ, ഫറോക്ക് എന്നവർക്ക് BL-507/15-16 തീ. 13.01.2017 നമ്പറായി അസംബ്ലി വിനിയോഗഗണത്തിലുള്ള (ഗണം D) കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| GF | 492.05 $m^2$ |
| FF | 581.05 $m^2$ |
| | 1073.55 $m^2$ |

1999 ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 55 പ്രകാരം, വിനിയോഗഗണം D യുടെ സംഗതിയിൽ ആകെ തറ വിസ്തീർണ്ണം 1000 ച. മീറ്ററിൽ കവിയുന്ന കെട്ടിടങ്ങളുടെ ലേഔട്ടിനും പ്ലോട്ടിന്റെ ഉപയോഗത്തിനും മുഖ്യ ടൗൺ പ്ലാനറുടെ അനുമതി വാങ്ങേണ്ടതാണ്. എന്നാൽ ഇവിടെ ജില്ല ടൗൺ പ്ലാനറിൽ നിന്നുമാണ് അനുമതി വാങ്ങിയിരിക്കുന്നത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (40/16-17, 11.08.2017) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ ഗണം D ആയ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം 1000ച.മീറ്ററിനു മുകളിലാണെങ്കിൽ മാത്രമേ സി.ടി.പി - യുടെ അനുമതി ആവശ്യമുള്ളൂ എന്നും നിർമ്മാണാനുമതി നൽകിയ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 993.67 ച. മീ ആണെന്നും പരാമർശിക്കുന്നു. എന്നാൽ നഗരസഭ 13.01.2017 ൽ BL-507/15-16 നമ്പറായി നൽകിയ നിർമ്മാണാനുമതിയിൽ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 1073.55 ച.മീ ആണ്. അപാകത വിശദീകരിക്കേണ്ടതും, മുഖ്യ ടൗൺ പ്ലാനറുടെ അനുമതി വാങ്ങേണ്ടതുമാണ്.

## 2-11 <u>കെട്ടിട നിർമ്മാണത്തിന് അനുമതി നൽകൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത</u>

2016-17 വർഷത്തെ കെട്ടിടനിർമ്മാണ പെർമിറ്റ് നൽകലുമായി ബന്ധപ്പെട്ട അപേക്ഷകൾ/ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ നൽകുന്നതുവരെയുള്ള വിവരങ്ങൾ കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുണ്ട്. 2016-17 വർഷത്തിൽ ആകെ 390 അപേക്ഷകളാണ് (രജിസ്റ്റർ പ്രകാരം) ലഭ്യമായിട്ടുള്ളത്. ഇതിൽ 227 അപേക്ഷകളുടെ സംഗതിയിൽ അപേക്ഷകന്റെ പേര് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. അപേക്ഷ സംബന്ധമായ യാതൊരു തീരുമാനവും രേഖപ്പെടുത്തിയിട്ടില്ല. ഏതാനും അപേക്ഷകളിൽ മാത്രമാണ് തറവിസ്തീർണ്ണം, വിനിയോഗം, പെർമിറ്റ് ഫീ ഈടാക്കിയത് എന്നിവ രേഖപ്പെടുത്തിയിട്ടുള്ളത്.

| | |
|---|---|
| തീരുമാനങ്ങളൊന്നും രേഖപ്പെടുത്താത്ത അപേക്ഷകളുടെ എണ്ണം (അപേക്ഷകന്റെ പേര് മാത്രം രേഖപ്പെടുത്തിയത്) | 227 |
| തറവിസ്തീർണ്ണം രേഖപ്പെടുത്താത്തവ | 243 |
| വിനിയോഗം രേഖപ്പെടുത്താത്തവ | 132 |

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസങ്ങൾക്കുള്ളിൽ സെക്രട്ടറി സൈറ്റ്/സർവ്വീസ് പ്ലാൻ അംഗീകരിക്കുകയോ, എന്തെങ്കിലും കാരണങ്ങളാൽ നിരസിക്കുകയാണെങ്കിൽ പ്രസ്തുത വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

രജിസ്റ്ററിൽ അപേക്ഷ സ്വീകരിച്ചുവോ, നിരസിച്ചുവോ, അന്വേഷണത്തിന് നൽകിയത്, തിരിച്ചുകിട്ടിയത് തുടങ്ങിയ വിവരങ്ങൾ ,പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ, പെർമിറ്റ് ഫീ, അപേക്ഷാ ഫീ ഈടാക്കിയതിന്റെ രശീതി നമ്പർ, പൂർത്തീകരണം, ക്രമവത്കരണം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവയും രേഖപ്പെടുത്തുന്നില്ല. ഇതു കാരണം പെർമിറ്റ് ഫീ ഈടാക്കിയതിന്റെ കൃത്യത, പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത എന്നിവ ഉറപ്പു വരുത്താൻ കഴിയുന്നില്ല. ചട്ടപ്രകാരമുള്ള സമയ പരിധിക്കകം പൂർത്തിയാക്കാത്ത കേസുകളിൽ ഇവയുടെ എക്സ്റ്റൻഷൻ, റിന്യൂവൽ എന്നിവ സംബന്ധിച്ച രേഖപ്പെടുത്തലുകളും

ഇല്ലാത്തതിനാൽ ഇവയുടെ കൃത്യതയും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

കെട്ടിടനിർമ്മാണ അപേക്ഷാ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ കാലികമാക്കേണ്ടതും, കൃത്യമായി സൂക്ഷിക്കാത്തതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 2-12 ഡി ആന്റ് ഒ ലൈസൻസ് ഫീ പുതുക്കാത്ത സ്ഥാപനങ്ങൾ

2016-17 വർഷത്തിൽ മുനിസിപ്പാലിറ്റിയിലുള്ള എല്ലാ വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് പുതുക്കിയിട്ടില്ല. മുനിസിപ്പാലിറ്റിയുടെ തന്നെ അഞ്ചാം വാർഡിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മാത്രം എടുത്ത് പരിശോധിച്ചതിൽ പല സ്ഥാപനങ്ങളും പ്രസ്തുത വർഷം ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ചതായി കാണുന്നു. കെട്ടിടനമ്പർ, വാടകക്ക് മുറി ഏറ്റെടുത്ത ആൾ എന്നിവരുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം | വാടകക്ക് എടുത്തയാൾ | ക്രമ നം | കെട്ടിട നം | വാടകക്ക് എടുത്തയാൾ |
|---|---|---|---|---|---|
| 1 | 5/352 | ശ്രീ.കെ.ടി.അബൂബക്കർ | 9 | 5/370 | ശ്രീ.സൈയ്തലവി |
| 2 | 5/353 | | 10 | 5/372 | ശ്രീ.കെ.മൂസക്കോയ |
| 3 | 5/357 | ശ്രീ.ടി.അബ്ദുൾ സലാം | 11 | 5/376 | ശ്രീ.പി.സുബ്രമണ്യൻ |
| 4 | 5/360 | ശ്രീ.എം.എൻ.കബീർ | 12 | 5/384 | ശ്രീ.പി.പി.കൊറ്റിക്കുട്ടി |
| 5 | 5/361 | ശ്രീ.പി.അബൂബക്കർ | 13 | 5/388 | ശ്രീ.ബഷീർ |
| 6 | 5/363 | ശ്രീ.മുഹമ്മദ് ജുനൈസ് | 14 | 5/392 | ശ്രീ.കെ.റഫീഖ് |
| 7 | 5/365 | ശ്രീ.ഫൈസൽ വി | 15 | 5/393 | ശ്രീ.കെ.സി.കുഞ്ഞോയി |
| 8 | 5/366 | ശ്രീ.കെ.ടി.ഷഫീക്ക് | 16 | 5/395 | ശ്രീ.കെ.ടി.ഹസൻ |

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് ഇവിടെ അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവർക്കെതിരെ ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. പ്രസ്തുത കടയുടമകൾ ലൈസൻസ് പുതുക്കാത്തതിന് എതിരെ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കേണ്ടതാണ്.

## 2-13 ഡി ആന്റ് ഒ ലൈസൻസ് ഫീ-നിരക്ക് നിശ്ചയിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല.

2016-17 ലെ ഡി.ആന്റ്.ഒ. ലൈസൻസ് ഫീസിന്റെ വിവരം താഴെ കൊടുക്കുന്നു.

ഡിമാന്റ് തുക -7,01,260/-

അഡ്വാൻസ് കളക്ഷൻ തുക -2,85,200/-

2016-17 ലെ കളക്ഷൻ തുക -3,98,360/-

ആകെ – 6,83,560/-

ബാലൻസ് – 17,700/-

ഡി.ആന്റ്.ഒ. ലൈസൻസ് ഫീ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447 പ്രകാരം സർക്കാർ/മുനിസിപ്പാലിറ്റി നിർണ്ണയിക്കുന്ന രീതിയിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചയിക്കുന്ന രീതിയിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചയിക്കുന്ന ഫീ ഒടുക്കാതെയും ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും മുനിസിപ്പാലിറ്റിയിലെ ഒരു സ്ഥലവും ഉപയോഗിക്കാൻ പാടുള്ളതല്ല. ഡി.ആന്റ്.ഒ ലൈസൻസ് ഫീ പ്രസ്തുത വർഷം പൂർണ്ണമായും ഈടാക്കാതെ ബാലൻസ് ഉണ്ടെങ്കിൽ അത്രയും സ്ഥാപനങ്ങൾ മുനിസിപ്പാലിറ്റി പരിധിയിൽ അനധികൃതമായി പ്രവർത്തിച്ചിട്ടുണ്ട്. ഇത് ആക്ടിലെ വ്യവസ്ഥകളുടെ ലംഘനമാണ്.

2.മുനിസിപ്പാലിറ്റികളിൽ ഡി.ആന്റ്.ഒ ലൈസൻസ് ഫീ ഈടാക്കുന്നതുമായി ബന്ധപ്പെട്ട വിജ്ഞാപനം (25.07.2011 ലെ സ.ഉ.(അ) നം.24/11/തസ്വഭവ) 10.01.2017 ലെ സ.ഉ.(സാധാ) 70/17/തസ്വഭവ പ്രകാരം 30.04.2017 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ മുനിസിപ്പാലിറ്റിയിൽ ഡി.ആന്റ്.ഒ ലൈസൻസ് ഫീ ഈടാക്കുന്നതിന് ബൈലോ

ഇല്ല. രാമനാട്ടുകര മുൻസിപ്പാലിറ്റി ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലത്ത് ഈടാക്കിയിരുന്ന അതേ നിരക്കിലാണ് ഇപ്പോഴും ലൈസൻസ് ഫീ ഈടാക്കി വരുന്നത്. അതായത് ലൈസൻസ് ഫീയുടെ നിരക്ക് ഏതെങ്കിലും നിയമ പ്രകാരമല്ല നിശ്ചയിച്ചിരിക്കുന്നത്.

3.മുനിസിപ്പാലിറ്റിയിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് രൂപീകരിച്ചിട്ടില്ല. ആയതിനാൽ മുനിസിപ്പാലിറ്റിയിൽ നിലവിൽ ലൈസൻസ് എടുക്കേണ്ട എത്ര സ്ഥാപനങ്ങളുണ്ടെന്നോ, എത്ര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്നത് വ്യക്തമല്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 5851 സ്ഥാപനങ്ങൾ വ്യപാര, വ്യാവസായിക, മറ്റ് സമാന ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങളുണ്ട്. എന്നാൽ ആയിരത്തിൽപരം സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## 2-14 വാടക ഈടാക്കുന്നതിന് മുൻസിപ്പാലിറ്റിക്ക് ബൈലോ ഇല്ല.

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ മുറികൾ എന്നിവയുടെ വാടക ഈടാക്കുന്നത് പഞ്ചായത്ത് ഡയറക്ടറുടെ 16.03.1992 ലെ ബി6-37924/91/കെ ഡിസ്,27.12.2004 ലെ സി5-32618/04/കെ ഡിസ് എന്നീ ഉത്തരവുകൾ പ്രകാരമാണ്.

രാമനാട്ടുകര ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റി ആയി രണ്ടുവർഷമാകാറായിട്ടും വാടക പിരിക്കുന്നതിന് പ്രസ്തുത ഉത്തരവു തന്നെയാണ് അടിസ്ഥാനമാക്കിയിരിക്കുന്നത്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ്.567 പ്രകാരം ബൈലോ തയ്യാറാക്കി സർക്കാർ അനുമതി നേടുന്നതിനുള്ള നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിച്ചില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-15 വാടകക്കാർ കരാർ വെച്ചിട്ടില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മുറികളിൽ നിന്ന് വാടക ഈടാക്കുന്നത് 27.02.2004 ലെ പഞ്ചായത്ത് ഡയറക്ടറുടെ C6-32618/04/K Dis പ്രകാരമുള്ള ഉത്തരവനുസരിച്ചാണ്. പ്രസ്തുത ഉത്തരവ് ഖണ്ഡിക 20 പ്രകാരം മുറി അനുവദിക്കപ്പെട്ട ആൾ പ്രതിമാസ വാടക അതത് മാസം അഞ്ചാം തീയതിക്കകം അടക്കേണ്ടതാണ്. കൂടാതെ യാതൊരു കാരണവശാലും മൂന്ന് മാസത്തിൽ കൂടുതൽ കുടിശ്ശിക അനുവദിക്കുന്നതല്ല. വാടക അടക്കാതിരുന്നാലും ഉടമ്പടി വ്യവസ്ഥ ലംഘിച്ചാലും സെക്രട്ടറി നടപടി സ്വീകരിക്കാവുന്നതാണ്. എന്നാൽ 2016-17വർഷത്തിൽ താഴെ പറയുന്ന മുറികളിലെ വാടകക്കാർ കരാർ പുതുക്കുകയോ പ്രസ്തുത വർഷം വാടക അടയ്ക്കുകയോ ചെയ്തിട്ടില്ല.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാടകക്ക് എടുത്ത വ്യക്തി | 2016-17 ലെ വാടക കുടിശ്ശിക |
|---|---|---|---|
| 1. | 1/317 എ5,എ6 | ശ്രീജിത്ത് സി പി | 41668 |
| 2. | 1/317 എ13,എ14 | ഹുസൈൻ കെ | 87552 |

നഗരസഭയുമായി കരാർ വെച്ചിട്ടില്ലാത്തതിനാൽ നിയമപരമായി വാടകക്കാർക്കെതിരെ എന്തെങ്കിലും നിയമ നടപടികൾ സ്വീകരിക്കുന്നതിന് തടസ്സമുണ്ടാവുന്നതാണ്. അപാകത പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-16 മുനിസിപ്പാലിറ്റി പരിധിയിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

2016-17 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പ്രകാരം ട്യൂട്ടോറിയൽ ഇൻസ്റ്റിറ്റ്യൂഷനുകളുടെ രജിസ്ട്രേഷൻ ഫീ ഇനത്തിൽ വാർഷിക കണക്ക് പ്രകാരം വരവില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 507, 1999 ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം.3(1) പ്രകാരം മുനിസിപ്പിൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ സ്ഥാപിക്കാൻ പാടുള്ളതല്ല. ചട്ടം. 4(1), (2) പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതും 5(1) പ്രകാരം രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. പ്രാദേശിക പരിശോധനയിൽ മുനിസിപ്പാലിറ്റി പ്രദേശത്ത് നിരവധി ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. ഫോർ ജി അക്കാഡമി

2. എ.പ്ലസ് അക്കാഡമി

3. ടാലന്റ് പി.എസ്.സി

എന്നാൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കിയിട്ടില്ല. മുനിസിപ്പൽ പരിധിയിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങളെ പ്രവർത്തിക്കുവാൻ അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. മുനിസിപ്പൽ പരിധിയിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിച്ച ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും വകുപ്പ് 508 പ്രകാരമുള്ള പിഴ (1000/-രൂപ വരെ) ഈടാക്കി അറിയിക്കേണ്ടതും, മേൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ട്യൂട്ടോറിയൽ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്യൂട്ടോറിയൽ രജിസ്റ്റർ തയ്യാറാക്കി കാലികമായി പരിപാലിക്കേണ്ടതാണ്.

## 2-17 പരസ്യ നികുതി ലേലം - അപാകതകൾ

നഗരസഭ 2016-17 വർഷത്തെ പരസ്യനികുതി ലേലം സംബന്ധിച്ച ഫയലുകൾ, ലേല ഡയറി, ലേലരജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പരസ്യ നികുതി ബൈലോ അംഗീകരിച്ചില്ല.

ഗ്രാമപഞ്ചായത്തിന്റെ 25.07.2013 ലെ 38 നം തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരസ്യനികുതി കരട് ബൈലോ അംഗീകരിക്കുകയും, ആയത് 10.07.2014 ലെ A2.2515/14 നം. കത്ത് മുഖേന അംഗീകാരത്തിന് പഞ്ചായത്ത് ഡയറക്ടർക്ക് അയയ്ക്കുകയും ചെയ്തു. കരട് ബൈലോയിലെ അപാകതകൾ പരിഹരിക്കുന്നതിനും, തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി ഈ ബൈലോ തിരികെ ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. പിന്നീട് ഇതിൽ തുടർ നടപടി കൈക്കൊണ്ടതായോ, ബൈലോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

2. പരസ്യനികുതി നിരക്ക് പരിഷ്കരിച്ചില്ല.

സ.ഉ നം.152/2015/തസ്വഭവ തീ. 30.04.2015 പ്രകാരം 2015 നവംബർ 1 മുതൽ രാമനാട്ടുകര ഗ്രാമപഞ്ചായത്തിനെ നഗരസഭയാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭ ആയതിനുശേഷം പരസ്യനികുതി നിരക്ക് മുൻസിപ്പൽ ആക്ട് അനുസരിച്ച് കാലികമായി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടികളും ഓഡിറ്റ് തീയതി വരെയും കൈക്കൊണ്ടിട്ടില്ല.

3. ലേലത്തുക മുഴുവനായി ഈടാക്കിയില്ല

2016-17 സാമ്പത്തിക വർഷത്തെ പരസ്യ നികുതി (നഗരസഭ പരിധിക്കുള്ളിൽ പരസ്യം പതിക്കുന്നവരിൽ നിന്നും ഫീസ്) ഈടാക്കുന്നതിനുള്ള കുത്തകാവകാശം 16.04.2016 ലെ ലേലത്തിൽ 66,500/- രൂപക്ക് ലേലം വിളിച്ച ശ്രീ. രതീഷ്. എം, S/O. വേലായുധൻ എന്നയാൾക്ക് 26.04.2016 ലെ കൗൺസിൽ തീരുമാനം 3 പ്രകാരം അംഗീകരിച്ചു നൽകിയിട്ടുണ്ട്. ലേലനിബന്ധന 3 പ്രകാരം ലേലം താൽക്കാലികമായി അംഗീകരിച്ചാൽ ലേലത്തുകയുടെ 1/2 ഭാഗം അപ്പോൾ തന്നെ പഞ്ചായത്തിൽ അടക്കേണ്ടതും, 3 ദിവസത്തിനകം മുദ്ര പത്രത്തിൽ കരാർ ചമയ്ക്കേണ്ടതും, ലേലം ഉറപ്പിച്ച സംഖ്യയ്ക്ക് തുല്യമായ തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുമാണ്. കൂടാതെ, നിബന്ധന 4 പ്രകാരം ലേലതുകയുടെ 1/2 ഭാഗം 2016 ഡിസംബർ 31 നകം അടവാക്കേണ്ടതും, വീഴ്ച വരുത്തുന്ന പക്ഷം നിയമാനുസൃത പലിശ സഹിതം ലേലത്തുക അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ, ആകെ 33,250/- രൂപ മാത്രമാണ് ഈ ഇനത്തിൽ അടച്ചിട്ടുള്ളത് (രശീതി നമ്പർ 11603100613/16.04.2016). ലേലകാലാവധി പൂർത്തിയായി ഒരു വർഷം കഴിഞ്ഞിട്ടും ശേഷിക്കുന്ന 33,250/-രൂപ ഓഡിറ്റ് തീയതി വരെയും അടവാക്കിയിട്ടില്ല. തുക പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

4. കൂടുതൽ തുക ക്വാട്ട് ചെയ്തത് പരിഗണിക്കാതെ ലേലം ഉറപ്പിച്ചു

നഗരസഭയിൽ 2016-17 വർഷത്തിൽ പരസ്യനികുതി പിരിക്കുന്നതിനുള്ള ലേലത്തിൽ ശ്രീ. പുരുഷോത്തമൻ, ഷിമ്യ നിവാസ്, പറമ്പായി -എന്നവർ 71,000/- രൂപ ക്വാട്ട് ചെയ്തിട്ടുണ്ട്. അംഗീകരിച്ചത് 66,500/- രൂപ വിളിച്ചെടുത്ത് ശ്രീ. രതീഷ്. എം, S/O. വേലായുധൻ എന്നവരുടേതാണ്. 71,000/- രൂപയുടെ ടെണ്ടർ നിരസിച്ചതിന്റെ കാരണം വ്യക്തമല്ല. കൂടാതെ, ലേലനിബന്ധന 3 പ്രകാരം ലേലം കൈക്കൊണ്ട വ്യക്തി സോൾവൻസി സർട്ടിഫിക്കറ്റ് സമർപ്പിക്കുകയോ, ടിയാനുമായി നഗരസഭ കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല. ലേലം ലഭിച്ച വ്യക്തിയുമായി കരാർ ചമക്കുകയോ, ലേലതുക മുഴുവനായും ഈടാക്കുകയോ ചെയ്യാതെ നഗരസഭ ഫണ്ടിന് നഷ്ടം വരുത്തുന്നതിന് സാഹചര്യമൊരുക്കിയതിനും വിശദീകരണം നൽകേണ്ടതും, തുക (4,500/- രൂപ) പലിശ സഹിതം ഉത്തരവാദിയായവരിൽ നിന്നും

ഈടാക്കേണ്ടതുമാണ്.

## 2-18 ലേല കുടിശ്ശിക ഈടാക്കിയില്ല

2015-16 വർഷത്തിലെ മാർക്കറ്റ്, ബസ് സ്റ്റാൻഡ്, മത്സ്യമാർക്കറ്റ് എന്നിവയുടെ ലേല കുടിശ്ശിക ഓഡിറ്റ് തീയതി വരെയും ഈടാക്കിയില്ല .

| ലേല ഇനം | ലേല തുക | അടവാക്കിയ തുക | ഈടാക്കാൻ ശേഷിക്കുന്ന തുക | ലേലം കൊണ്ട വ്യക്തി |
|---|---|---|---|---|
| ബസ് സ്റ്റാൻഡ് | 7,00,000/- | 2,33,334/- | 4,66,666/- | ശ്രീ. അനൂപ്. പി പടിഞ്ഞാറെക്കണ്ടി നല്ലൂർ, ഫറോക്ക് |
| മാർക്കറ്റ് | 2,06,000/- | 68,667/- | 1,37,333/- | ശ്രീ. പുളിക്കൽ രജീന്ദ്രൻ ചിറക്കാം കുന്ന് രാമനാട്ടുകര |
| മത്സ്യ മാർക്കറ്റ് | 4,06,000/- | 1,35,334/- | 2,70,666/- | ശ്രീ. ടി. പി. നാസർ തെക്കും പുറത്ത് ചെറുവണ്ണൂർ |
| | | | 8,74,665/- | |

ലേല കുടിശ്ശിക പലിശ സഹിതം ഈടാക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്.

## 2-19 കംഫർട്ട് സ്റ്റേഷൻ ലേലം-ലേലതുക മുഴുവനായും ഈടാക്കിയില്ല

ലേല രജിസ്റ്റർ പരിശോധിച്ചതിൽ, രാമനാട്ടുകര നഗരസഭയുടെ കീഴിലുള്ള കംഫർട്ട് സ്റ്റേഷനിൽ നിന്നും 01.04.2016 മുതൽ 31.03.2017 വരെയുള്ള കാലയളവിലേക്ക് ഫീസ് പിരിക്കുന്നതിനുള്ള കുത്തകാവകാശത്തിനായി 23.02.2016 ന് നടന്ന ലേലത്തിൽ ശ്രീ.അനിൽകുമാർ, കുന്നപ്പള്ളി, പള്ളിക്കൽ എന്നയാളുടെ 97,000/-രൂപയുടെ ലേലം അംഗീകരിക്കുകയും അദ്ദേഹത്തിന് ഫീസ് പിരിക്കാൻ അനുവാദം നൽകുകയും ചെയ്തു. ലേലനിബന്ധന (A4.1804/16) 6 പ്രകാരം ലേലം താൽക്കാലികമായി അംഗീകരിച്ചാൽ ലേലത്തുകയുടെ 1/3 ഭാഗം അപ്പോൾ തന്നെ നഗരസഭയിൽ അടക്കേണ്ടതും, ബാക്കി തുക 31.08.2016 നകവും, 31.12.2016 നകവും 2 തുല്യ ഗഡുക്കളായി അടവാക്കേണ്ടതും, വീഴ്ച വരുത്തുന്ന പക്ഷം 15% പലിശ സഹിതം അടവാക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നു.

എന്നാൽ, ആകെ 64,668/- രൂപ മാത്രമാണ് ഈ ഇനത്തിൽ അടവാക്കിയിട്ടുള്ളത് (രശീതി നമ്പർ 11503104059/23.02.2016, 11503101988/31.03.2016). ലേലകാലാവധി പൂർത്തിയായി ഒരു വർഷം കഴിഞ്ഞിട്ടും ശേഷിക്കുന്ന മൂന്നാമത്തെ ഗഡുവായ 32,332/-രൂപ അടവാക്കിയിട്ടില്ല. ലേല ഡയറി, ക്വട്ടേഷൻ, മറ്റ് അനുബന്ധരേഖകൾ, കരാർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇത് കൂടാതെ, ലേലനിബന്ധന പ്രകാരം ലേലം ഉറപ്പിച്ച് കഴിഞ്ഞാൽ 3 ദിവസത്തിനകം മുദ്ര പത്രത്തിൽ കരാർ ചമയ്ക്കേണ്ടതും, ലേലം ഉറപ്പിച്ച സംഖ്യയ്ക്ക് തുല്യമായ തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ലേലം കൈക്കൊണ്ട വ്യക്തി നഗരസഭയുമായി ഉടമ്പടി ചമച്ചിട്ടില്ല. ടിയാൻ സോൾവൻസി സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല.

ലേലം കൈക്കൊണ്ട വ്യക്തിയുമായി കരാർ ചമക്കുകയോ, ലേലതുക മുഴുവനായും ഈടാക്കുകയോ ചെയ്യാതെ നഗരസഭ ഫണ്ടിന് നഷ്ടം വരുത്തുന്നതിന് സാഹചര്യമൊരുക്കിയതിന് വിശദീകരണം നൽകേണ്ടതും തുക പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-20 നഗരസഭ പരിധിയിലെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

1994 ലെ കേരള മുനിസിപ്പൽ നിയമം വകുപ്പ് 208(എ) പ്രകാരം ഈ നിയമം പ്രാബല്യത്തിൽ വരുന്ന സമയത്ത് നിലവിലുള്ളതോ അതിനു ശേഷം ഉണ്ടാക്കുകയോ ഏർപ്പെടുത്തുകയോ, പണിയുകയോ ചെയ്തിട്ടുള്ളതോ ആയതോ, അവ

നഗരസഭയുടെ ചെലവിൽ ഉണ്ടാക്കുകയോ പണിയുകയോ ചെയ്തിട്ടുള്ളവ ആയിരുന്നാലുമല്ലെങ്കിലും, പൊതുജനങ്ങളുടെ ഉപയോഗത്തിന് ഒരു ചിരാനുഭവാവകാശം നൽകത്തക്ക വിധത്തിൽ പൊതുജനങ്ങൾ ഉപയോഗിച്ചുകൊണ്ടിരുന്നവ ഉൾപ്പടെ ഉള്ള, എല്ലാ പൊതുജലമാർഗ്ഗങ്ങളും, സ്റ്റാന്റ് പൈപ്പുകളും മറ്റു ജലസംഭരണികളും അവയോടു ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും നഗരസഭയിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

എന്നാൽ നഗരസഭയുടെ പരിധിയിൽ വിവിധ ഭാഗങ്ങളിലായി ഏതൊക്കെ സർവ്വേ നമ്പറുകളിൽ എത്ര അളവിൽ പുറമ്പോക്ക് ഭൂമിയുണ്ടെന്നുള്ള വിവരം, പുറമ്പോക്ക് ഭൂമികളിൽ സ്വകാര്യ വ്യക്തികൾ നടത്തിയ കൈയ്യേറ്റങ്ങൾ, കണ്ടെത്തുന്നതിനും ഏറ്റെടുക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്നിവ ലഭ്യമല്ല. കേരള മുനിസിപ്പൽ നിയമം വകുപ്പ് 530(എ) പ്രകാരം സെക്രട്ടറിക്ക് ചെയർപേഴ്സൺന്റെ അനുവാദത്തോടു കൂടി ലിഖിതമായ ഒരുത്തരവ് മൂലം ഒരു വില്ലേജിനെ സംബന്ധിച്ചോ അതിന്റെ ഏതെങ്കിലും ഭാഗത്തെ സംബന്ധിച്ചോ, വസ്തുവിനെ സംബന്ധിച്ചോയുള്ള വിവരം നൽകാൻ ബന്ധപ്പെട്ട വില്ലേജ് ഓഫീസറോട് ആവശ്യപ്പെടാവുന്നതും അങ്ങിനെയുള്ള ഏതൊരു ഉത്തരവും വില്ലേജ് ഓഫീസർ പാലിക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത വിഭാഗത്തിൽ നഗരസഭ പരിധിയിലെ പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ നിയപരമായ നടപടികൾ സ്വീകരിച്ചും നഗരസഭയിൽ നിക്ഷിപ്തമാകേണ്ട ഭൂമികൾ ഏതെല്ലാമാണെന്ന് കണ്ടെത്തി ഏറ്റെടുത്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-21 ടെൻഡർ ഫീ, വാറ്റ് -എന്നിവ അടവാക്കാത്തത് സംബന്ധിച്ച്

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തികൾ ഇ ടെണ്ടർ നടത്തിയിട്ടുണ്ട് . മേൽ ടെണ്ടറുകളുടെ ടെണ്ടർ ഫോറം വില, വാറ്റിനത്തിലുള്ള തുക എന്നിവ നാളിതുവരെ സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. ഇ ടെണ്ടർ ചെയ്യുമ്പോൾ ടെണ്ടർ ഫോറം വിലയും, വാറ്റിനത്തിലുള്ള തുകയും അസി.എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യപ്പെടുന്നത് .സമയബന്ധിതമായി ആവശ്യപ്പെടാത്തതിനാൽ ഈ ടെണ്ടറുകളുടെ തുക മേൽ അക്കൗണ്ടിൽ കിടക്കുകയാണ് .തുക അടിയന്തിരമായി കൈപ്പറ്റേണ്ടതും, വാറ്റ് ഇനത്തിലുള്ളത് ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്

| ക്രമ നം | പ്രോജക്റ്റ് നം | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | ടെൻഡർ അംഗീകരിച്ച തുക |
|---|---|---|---|---|
| 1 | 211/17 | എൻ എച്ച് ഹോമിയോ ഹോസ്പിറ്റൽ റോഡ് | 700000 | 544897.57 |
| 2 | 60/17 | തോട്ടായിപ്പാടം കോഴിമൂളിപ്പോട്ട റോഡ് | 700000 | 608553.33 |
| 3 | 128/17 | മൂളിയംപറമ്പ് -മേലെ വടക്കേക്കുനി റോഡ് | 700000 | 587942.75 |
| 4 | 43/17 | മാരാത്ത് താഴം റോഡ് | 700000 | 577963 |
| 5 | 61/17 | പേട്ട- ചൂരക്കാട് റോഡ് | 700000 | 625049.06 |
| 6 | 84/17 | റേഷൻ ഷോപ്പ് റോഡ് കോൺക്രീറ്റിംഗ് | 500000 | 40515.09 |
| 7 | 249/17 | പാറമ്മല റോഡ് റീടാറിംഗ് | 500000 | 430856 |
| 8 | 82/17 | അറക്കലത്ത് താഴം റോഡ് നിർമ്മാണം | 500000 | 470906 |
| 9 | 44/17 | ഇട്ടപ്പറം -ഹരിജൻ കോളനി റോഡ് ടാറിംഗ് | 500000 | 496162 |
| 10 | 59/17 | കോഞ്ഞങ്ങാട്ട് ചുള്ളിപ്പറമ്പ് റോഡ് ടാറിംഗ് | 500000 | 513760 |
| 11 | 36/17 | കള്ളിവളവ് യത്തീംഖാന റോഡ് ടാറിംഗ് | 700000 | 686980 |
| 12 | 195/17 | എസ്സ്.സി കോളനി റോഡ് ടാറിംഗ് | 500000 | 493850 |

2016-17 സാമ്പത്തിക വർഷം അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നം- 67388563907 S.B.I. Ramanattukara) 5/17-ൽ വരവ് വന്നിട്ടുള്ളത് 58,470/- രൂപയാണ്. ടി.തുക എതിനത്തിലുള്ളതാണെന്ന് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് വിദ്യാലയം നടത്തുന്നു.

ബഡ്സ് സ്പെഷ്യൽ സ്കൂൾ മാതൃകയിൽ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക വിദ്യാലയം ആരംഭിച്ച് അവർക്ക് വിദ്യഭ്യാസവും ഒപ്പം തൊഴിൽ പരിശീലനവും നൽകുക എന്ന ലക്ഷ്യത്തോടെ 2005ൽ പ്രവർത്തനം ആരംഭിച്ചതാണ് രാമനാട്ടുകര ബഡ്സ് സ്കൂൾ. പ്രസ്തുത സ്കൂളിന്റെ നടത്തിപ്പ് ചെലവ്, ടീച്ചർ, ആയ എന്നിവരുടെ ഓണറേറിയം നൽകൽ തുടങ്ങിയവയ്ക്ക് വരുന്ന ചെലവുകൾ നടത്തുന്നത് മുനിസിപ്പൽ ഫണ്ടിൽ നിന്നുമാണ്.

1995 ലെ വികലാംഗ ജന നിയമം പ്രകാരം ഭിന്നശേഷിയുള്ളവർക്ക് തുല്യ നീതിയും തുല്യ അവകാശവും ഉറപ്പാക്കുന്നതിന് വിദ്യാഭ്യാസവും, തൊഴിൽ, സാമൂഹ്യ സുരക്ഷ, പുനരധിവാസം, തടസ്സവിമുക്ത പര്യാവരണം എന്നിവ നിർബന്ധമായും ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. തികച്ചും അനുകമ്പ അർഹിക്കുന്നതും പ്രത്യേകിച്ച് മാനസിക രോഗങ്ങൾ, ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ രോഗങ്ങൾ ബാധിച്ചവർ നേരിടുന്ന പ്രശ്നത്തിൽ അതിസങ്കീർണ്ണവും പ്രത്യേക ഇടപെടൽ ആവശ്യമായതിനാലാണ് പൊതു വിദ്യഭ്യാസ ശൃംഖലയിലെ സ്പെഷ്യൽ സ്കൂൾ പദ്ധതിയിൽ ഇനിയും ഉൾപ്പെട്ടിട്ടില്ലാത്ത ഭിന്നശേഷിയുള്ള കുട്ടികൾക്ക് കുടുംബശ്രീ വിഭാവനം ചെയ്ത ബഡ്സ് മാതൃകയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സ്പെഷ്യൽ സ്കൂൾ നടത്തുന്നതിനും, പുനരധിവാസ പ്രവർത്തനങ്ങൾക്കും വികസന ഫണ്ട് ഉൾപ്പടെയുള്ള ധനസ്രോതസ്സുകൾ ഉപയുക്തമാക്കാൻ പതിനൊന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ അനുമതി നൽകിയത്.

29.07.2009 ലെ (എം.എസ്)നം 148/09/ത.സ്വ.ഭ.വ ഉത്തരവിലൂടെ (ബഡ്സ് സ്പെഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗരേഖ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബഡ്സ് സ്കൂൾ നടത്തിപ്പുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനു മുൻപ് ബഡ്സ് സ്പെഷ്യൽ സ്കൂൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അവയിൽ അനുഭവപ്പെടുന്ന പോരായ്മകൾ പരിഹരിച്ച് നിശ്ചിത കാലയളവിനുള്ളിൽ നിലവാരം മെച്ചപ്പെടുത്തണമെന്നും സർക്കാർ മേൽ ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിരുന്നു. താഴെ പറയുന്നവയാണ് മാർഗ്ഗരേഖയിലെ പ്രധാന നിബന്ധനകൾ.

- സ്കൂൾ കെട്ടിടത്തിൽ 5 ക്ലാസ്സ് മുറികളും, ഓഫീസ്, സ്റ്റാഫ്, റിക്രിയേഷൻ, സ്റ്റോർ, അടുക്കള, ഭക്ഷണശാല, തൊഴിൽ പരിശീലനം, തെറാപ്പി, പകൽ പരിപാലനം എന്നിവക്ക് സ്ഥല സൗകര്യങ്ങൾ ഉണ്ടായിരിക്കണം.
- കെട്ടിടം തടസ്സവിമുക്തവും അപായ വിമുക്തവും ആയിരിക്കണം.
- ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേകമായി തിരിച്ച് ഏറ്റവും കുറഞ്ഞത് 4 ബാത്ത്റൂമുകൾ ഉണ്ടായിരിക്കണം. അതിൽ ഒന്ന് വീതം യൂറോപ്യൻ ക്ലോസറ്റ് ആയിരിക്കണം.
- വൃത്തിയുള്ള തീൻമേശകളും, കുടിവെള്ളം, കൈകഴുകാൻ സൗകര്യവും മാലിന്യ നിർമ്മാർജ്ജന സൗകര്യവും ഉണ്ടായിരിക്കണം.
- ആവശ്യത്തിന് പഠനോപകരണങ്ങൾ, ഫർണിച്ചർ, തൊഴിൽ പരിശീലന ഉപാധികൾ, ഫിസിയോതെറാപ്പി ഉപകരണങ്ങൾ ലഭ്യമാക്കിയിരിക്കണം.
- ഓരോ തരത്തിലുമുള്ള വൈകല്യം ബാധിച്ച കുട്ടികൾക്കും ഓരോർത്തർക്കും അനുയോജ്യമായ തരത്തിലുള്ള ഫർണിച്ചറുകൾ ലഭ്യമാക്കണം.
- അംഗീകൃത പരിശീലനം സിദ്ധിച്ച (ആർ.സി.ഐ) 3 അദ്ധ്യാപകരും, 2 ആയമാരും ഒരു പാചകക്കാരിയും സ്കൂളിൽ ഉണ്ടായിരിക്കണം.

(മേൽ വിവരിച്ച നിബന്ധനകൾ ഉത്തരവിലെ പ്രധാനപ്പെട്ടവ മാത്രമാണ്)

സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളോ, 1995 ലെ വികലാംഗ ജന നിയമം പ്രകാരം ഭിന്നശേഷിയുള്ളവർക്ക് തുല്യ നീതിയും തുല്യ അവകാശവും ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള നടപടികളോ സ്വീകരിക്കാതെയാണ് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി ഭിന്നശേഷിയുള്ളവർക്ക് സ്പെഷ്യൽ സ്കൂൾ നടത്തുന്നത്. 01.08.2009 ലെ (എം.എസ്)നം 152/09/ത.സ്വ.ഭ.വ ഉത്തരവിലൂടെ ബഡ്സ് സ്പെഷ്യൽ സ്കൂൾ സ്ഥാപിച്ച് പ്രവർത്തനം

ആരംഭിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 1860 ലെ സൊസൈറ്റി രജിസ്ട്രേഷൻ നിയമം പ്രകാരം രജിസ്റ്റർ ചെയ്യണമെന്ന് സർക്കാർ നിർദ്ദേശിച്ചെങ്കിലും അപ്രകാരമുള്ള നടപടികളും നഗരസഭ നടത്തിയിട്ടില്ല.

2005ൽ ആരംഭിച്ച ഈ ബഡ്സ് സ്കൂളിന്റെ അംഗീകാരം 24.04.2017ന് അവസാനിച്ചിരിക്കുകയാണ്. അംഗീകാര സർട്ടിഫിക്കറ്റ് പ്രകാരം 22 അന്തേവാസികൾക്ക് മാത്രം അഡ്മിഷൻ നൽകാൻ സാധിക്കുന്ന സ്കൂളിൽ നിലവിൽ 62 അന്തേവാസികളുണ്ട്. ഇവരുടെ മേൽനോട്ടത്തിനും സഹായങ്ങൾക്കുമായി 3 അധ്യാപകരും 2 ആയമാരും ഒരു പാചകക്കാരനുമാണ് ഉള്ളത്. ഭക്ഷണം പാകം ചെയ്യുന്നത് കെട്ടിത്തോട് ചേർന്ന് നിർമിച്ച താൽക്കാലിക ഷെഡ്ഡിലാണ്. മുനിസിപ്പാലിറ്റിയുടെ ഇത്തരത്തിലുള്ള പ്രവർത്തനം ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് തന്നെ വിപരീതമാണ്. ബഡ്സ് സ്കൂൾ നടത്തിപ്പുമായി ബന്ധപ്പെട്ട് നിയമപരമായ നടപടികൾ കാലതാമസമില്ലാതെ ആരംഭിക്കേണ്ടതും നിയമത്തിൽ വ്യവസ്ഥ ചെയ്ത മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാണ്. ഇതിനായി കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

## 3-2 അങ്കണവാടി പൂരക പോഷകാഹാര പദ്ധതി(എസ് സി പി)-മാർഗരേഖ പ്രകാരം ഓരോ വിഭാഗത്തിലെയും ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കാതെ പ്രോജക്ട് തയ്യാറാക്കി

2016-17 അങ്കണവാടി പൂരകപോഷകാഹാര പദ്ധതിക്ക് വേണ്ടി 137/17 നമ്പർ പ്രോജക്ട് പ്രകാരം വികസന ഫണ്ട് എസ്.സി.പി. യിൽ 3 ലക്ഷം രൂപ വകയിരുത്തുകയും പ്രസ്തുത തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രോജക്ട് പരിശോധനയിൽ മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള അങ്കണവാടികളിൽ എത്ര കുട്ടികൾ ഉണ്ടെന്ന് പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ല. കേന്ദ്രവിഹിതമായി ലഭിക്കുന്ന എസ്.സി.പി. ഫണ്ടിന്റെ വിഹിതം പട്ടിക വിഭാഗക്കാർക്ക് വേണ്ടിയുള്ള പ്രോജക്ടിൽ വകയിരുത്തിയിട്ടില്ല. സ.ഉ.(എം.എസ്)നം.4/16/ത.സ്വ.ഭ.വ. തീയതി-11.01.2016 ഖണ്ഡിക 9 പ്രകാരം പോഷകാഹാര വിതരണത്തിനാവശ്യമായ വിഭാഗങ്ങളെല്ലാം ചേർത്ത് ഒറ്റ പ്രോജക്ടായി തയ്യാറാക്കേണ്ടതാണ്.

അങ്കണവാടികളിൽ പഠിക്കുന്ന പൊതു വിഭാഗം, പട്ടികജാതി വിഭാഗം മുതലായവർക്ക് കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ അതാത് വിഭാഗത്തിനുള്ള ഫണ്ടുകൾ പോഷകാഹാര വിതരണത്തിനായി വകയിരുത്താവുന്നതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ തയ്യാറാക്കിയിട്ടുള്ള ഓരോ വിഭാഗത്തിലെയും കുട്ടികളുടെ എണ്ണവും ശതമാനവും അനിവാര്യമായും പ്രോജക്ടിനൊപ്പം സമർപ്പിക്കേണ്ടതാണ്. സബ്സിഡി മാർഗരേഖയിൽ നിർദ്ദേശിച്ച നടപടിക്രമം പാലിക്കാതെ പ്രോജക്ട് തയ്യാറാക്കിയതിന് വിശദീകരണം നൽകേണ്ടതും ഭാവിയിലും ഇങ്ങനെ ഉണ്ടാവാതിരിക്കാൻ ശ്രദ്ധ വെക്കേണ്ടതുമാണ്.

## 3-3 മുൻസിപ്പാലിറ്റിയിലെ അങ്കണവാടികളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നില്ല

നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന 31 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ തയ്യാറാക്കിയ പട്ടിക പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

- 6 അങ്കണവാടികൾ ഇനിയും വൈദ്യുതീകരിച്ചിട്ടില്ല.
- 13 അങ്കണവാടികളിൽ കുടിവെള്ളം ലഭ്യമല്ല.
- 6 അങ്കണവാടികൾക്ക് അടുക്കള സൗകര്യം ഇല്ല.

സ.ഉ.(എം.എസ്) നം.4/16/ത.സ്വ.ഭ.വ. തീയതി-11.01.2016 പ്രകാരം നിർബന്ധമായും ചെയ്തിരിക്കേണ്ട പൂരക പോഷകാഹാര പരിപാടി, ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്, ബഡ്സ് സ്കൂൾ വേതനം നൽകൽ, അങ്കണവാടി ജീവനക്കാർക്ക് ശമ്പള വിഹിതം എന്നിവ മാത്രമാണ് 2016-17 വർഷത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹിച്ച പ്രോജക്ടുകൾ. ആവശ്യത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത നിരവധി അങ്കണവാടികൾ ഉണ്ടായിട്ടും അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കാനുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കാതെ നിർബന്ധമായും ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ മത്രമാണ് 2016-17 വർഷത്തിൽ ഈ മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ളത് എന്നറിയിച്ചതിനെ തുടർന്ന് 08.06.2017 ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ 2016-17 വർഷത്തിൽ 25,22500/- രൂപ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവിസനത്തിനായി നഗരസഭ എഞ്ചിനീയർ വഴി വകയിരുത്തിയതായി അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിലെ പുരോഗതി അറിയിക്കേണ്ടതാണ്.

## 3-4 കരിങ്കല്ല് പാകിയതിന് മുകളിൽ കോൺക്രീറ്റ് ചെയ്തു.

പ്രൊജക്ട് പേര്, നം. : മണ്ണതൊടി റോഡ് കോൺക്രീറ്റിംഗ് 232/17

കരാറുകാരൻ : ശ്രീ. എം. പി മുഹമ്മദ് ബഷീർ

എം. ബുക്ക് : 125/14-15

അടങ്കൽ തുക : 1,70,000/-

മൂല്യ നിർണ്ണയ തുക : 1,69,001/-

ബിൽ നം., തീയ്യതി : 042/work/9/2016-17 തീ. 31.03.2017

തദ്ദേശഭരണ വകുപ്പിൻ കീഴിലും റോഡ് പ്രവൃത്തികൾ ചെയ്യുന്നത് പൊതുമരാമത്ത് വകുപ്പിലേതു പോലെ ഇന്ത്യൻ റോഡ് കോൺഗ്രസ്സ് അംഗീകരിച്ച സ്പെസിഫിക്കേഷൻ പ്രകാരമാണ്. ഡ്രൈ റബ്ൾ പാക്കിംഗിന് മുകളിൽ കോൺക്രീറ്റ് ചെയ്ത റോഡ് നിർമ്മിക്കുന്നത് ഇതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. D.R പാക്കിംഗിൽ വോയിഡ്സ് തീരെ ഇല്ലാതെ പാക്ക് ചെയ്യുന്നത് പ്രയാസ്സമാണ്. തൻമൂലം ഭാരം കയറ്റിയ വാഹനങ്ങൾ കയറി പോകുമ്പോൾ പാക്കിംഗ് ഇളകാനും, അതിന് മുകളിൽ ചെയ്ത കോൺക്രീറ്റ് പൊട്ടിപ്പോകാനും ഇടയാകും.(തദ്ദേശഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.10.2012 ലെ D.B.4/7462/2012/ സി.ഇ നമ്പർ കത്ത് കാണുക)

മേൽ കാണിച്ച പ്രവൃത്തിയിൽ റോഡ് 58 മീറ്റർ നീളത്തിൽ 1:4:8 സിമെന്റ് കോൺക്രീറ്റ് ചെയ്ത് അതിനു മുകളിലായി 72 മീറ്റർ നീളത്തിൽ 1:2:4 സി. സി ചെയ്തിട്ടുണ്ട്. ഇതിൽ 24 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ചെയ്തത് D.R പാക്കിംഗിന് മുകളിലാണ്. വ്യവസ്ഥകൾക്ക് വിരുദ്ധമായി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-5 പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കിയ മരാമത്ത് പ്രവൃത്തികളിൽ ഓവർഹെഡ് ചാർജ്ജ് കൂടി ഉൾപ്പെട്ട തുകക്ക് കോൺട്രാക്ടറുടെ ലാഭം അനുവദിച്ചു.

2016-17ലെ പുതിയ മരാമത്ത് പ്രവൃത്തികളിൽ പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. 10% ഓവർഹെഡ് ചാർജ്ജും, 10% കോൺട്രാക്ടറുടെ ലാഭവും എസ്റ്റിമേറ്റിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം എസ്റ്റിമേറ്റിലെ വിവിധ ഇനങ്ങൾക്ക് 10% വീതം ഓവർഹെഡ് ചാർജ്ജും, കോൺട്രാക്ടറുടെ ലാഭവും അനുവദിക്കുമ്പോൾ ഓവർഹെഡ് ചാർജ്ജ് കൂടി ഉൾപ്പെട്ട തുകയ്ക്ക് 10% കോൺട്രാക്ടറുടെ ലാഭം അനുവദിച്ചതിനാൽ ഫലത്തിൽ കരാറുകാരന് എസ്റ്റിമേറ്റിന്റെ 11% ലാഭം ലഭിക്കുന്നു. ഇപ്രകാരം കണക്കാക്കുമ്പോൾ നഗരസഭ ഫണ്ടിനു നഷ്ടം സംഭവിക്കുന്നുണ്ട്. ഏതാനും ഇനങ്ങളുടെ നിരക്ക് ഉദാഹരണമായി ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. മൺപണി, മണ്ണൊലിപ്പ് സംരക്ഷണം, ഡ്രെയിനേജ് | | | |
| ഇനം 3.1 | മോർഡ് സ്പെസിക്കേഷൻ | | 301.40 |
| 0.16മേറ്റ് നിരക്ക് | 63/ ദിവസം | | 58.08 |
| 4 മസ്ദൂർ നിരക്ക് | 329/ദിവസം | | 1316.00 |
| 1.5 ട്രാക്ടർ (ട്രോളി സഹിതം) | 329/ദിവസം | 187.50/മണിക്കൂർ | 281.25 |
| | | ആകെ | (ച.മീ)1655.33/100 |
| ഒരു ച.മീറ്ററിന് | | | 16.553 |
| (+)10% ഓവർഹെഡ് ചാർജ്ജ് | | | 1.65 |
| ആകെ | | | 18.20 |
| 10% സി.പി | | | 1.82 |
| കോസ്റ്റ് ഇൻഡക്സ് | | | 7.62 |
| | | ആകെ | 27.64 |
| 2. ടാക്ക് കോട്ട് വിത്ത് പാക്ക്ഡ് ബിറ്റുമിൻ. | | | |
| 75.5.2.3 p.b | മോർഡ് സ്പെസിക്കേഷൻ: 503 | | |

| | | | |
|---|---|---|---|
| യൂണിറ്റ് | 1750 ച.മീ. | | |
| 0.040മേറ്റ് നിരക്ക് | 63/ ദിവസം | | 14.52 |
| 1 മസ്ദൂർ നിരക്ക് | 329/ദിവസം | | 329.00 |
| 1.40 എയർ കംപ്രസ്സർ നിരക്ക് | 322/Lr | | 450.80 |
| 1.40 ഹൈഡ്രോളിക് ബ്രൂം നിരക്ക് | 360/Lr | | 504.00 |
| പ്രഷർ ഡിസ്ട്രിബ്യൂട്ടർ നിരക്ക് | 800/ ദിവസം | | 800.00 |
| 0.48 ഇമൽഷൻR.Sപാക്ക്ഡ് ഡ്രം നിരക്ക് 34456.84/ടൺ | | | 16539.28 |
| 0.48 ബിറ്റുമിൻ കാര്യേജ് നിരക്ക് 106.49/ടൺ | | | 51.12 |
| ആകെ | | | 18688.72 |
| 18688.72/1750 m2 , 18688.72/1750 = 10.68/m2 | | നിരക്ക് | 10.68 |
| (+)10% ഓവർഹെഡ് ചാർജ്ജ് | | | 1.068 |
| ആകെ | | | 11.748 |
| 10 % സി.പി | | | 1.17 |
| കോസ്റ്റ് ഇൻഡക്സ് | | | 0.44 |
| ആകെ | | | 13.36 |

ഇപ്രകാരം മെറ്റീരിയൽസിന്റെ വില, കൂലി, വാടക എന്നിവ ഉൾപ്പെട്ട നിരക്കിന്റെ 11% തുകയാണ് സി.പി യായി അനുവദിച്ചത് എന്ന് കാണാവുന്നതാണ്. പ്രൈസ് സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്ത എല്ലാ മരാമത്ത് പ്രവൃത്തികളിലും എസ്റ്റിമേറ്റ് തുകയുടെ ഒരു ശതമാനം അധികമായി കരാറുകാർക്ക് നൽകിയതിനാൽ നഗരസഭയ്ക്ക് വലിയൊരു സംഖ്യയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടാകും ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതും നഗരസഭയുടെ നഷ്ടം നികത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## **3-6** <u>വിദ്യാർത്ഥികൾക്ക് (എസ്.റ്റി) മേശ വാങ്ങൽ സർക്കാർ നിശ്ചയിച്ച നിരക്ക് പരിഗണിച്ചില്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പദ്ധതി പേര്, നമ്പർ - എസ്.സി. വിദ്യാർത്ഥികൾക്ക് പഠനസൗകര്യം, 198/16-17

ചെലവഴിച്ച തുക – 12,000/- (വി.ഫണ്ട്, എസ്.റ്റി. ബിൽ നമ്പർ - 52/16-17, 31.03.2017)

നഗരസഭ പരിധിയിൽ വസിക്കുന്ന എസ്.റ്റി. വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളുടെ പഠനസൗകര്യം വർദ്ധിപ്പിക്കുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ച് സബ്സിഡി അനുവദിച്ചത്. പദ്ധതി നടപ്പാക്കിയതിന്റെ ഭാഗമായി നഗരസഭ പരിധിയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആകെയുള്ള കുടുംബത്തിലെ 2 വിദ്യാർത്ഥികൾക്ക് 12,000/-രൂപ ചെലവഴിച്ച് 2 മേശ വാങ്ങി നൽകിയിട്ടുണ്ട്. (@ 6000/-). 11/01/2016ലെ (ആർ.ടി.) 04/2016/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (ഖ. നം. 6.8) ഒരു വിദ്യാർത്ഥിക്ക് 4000/- രൂപ പരമാവധി നിരക്കിലാണ് ഫർണിച്ചറുകൾ വാങ്ങി നൽകേണ്ടത്. സർക്കാർ നിശ്ചയിച്ച നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ മേശകൾ വാങ്ങി നഷ്ടം വരുത്തിയ 4,000/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## **3-7** <u>എസ്.സി വിദ്യാർഥികൾക്ക് സൈക്കിൾ വിതരണം-വിതരണ രേഖകളില്ല</u>

പ്രോജക്ട് നം-222/17

നിർവഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

ഫണ്ട്- വികസന ഫണ്ട് (എസ്.സി.പി)

അടങ്കൽ തുക – 7,20,000/-

ചെലവ് തുക – 5,69,491/- [ബിൽനം-2/16-17 തീയതി – 31.03.2017]

ടെണ്ടർ ലഭിച്ച് സാധനം വിതരണം ചെയ്തത് – ഫിഡ്കോ,ഒളവണ്ണ

നഗരസഭ പരിധിയിലെ ഹൈസ്കൂളുകളിൽ പഠിക്കുന്ന എസ്.സി. വിഭാഗത്തിൽപെട്ട കുട്ടികൾക്ക് സൈക്കിൾ വിതരണത്തിനുള്ളതാണ് മേൽ പ്രോജക്ട്. പ്രോജക്ട് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

- 150 വിദ്യാർഥികളുടെ അപേക്ഷയിൽ 94 പേർ മാത്രമാണ് ജാതി തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിരിക്കുന്നത്.
- ചെലവു തുകക്ക് സൈക്കിൾ ലഭ്യമാക്കിയ സ്ഥാപനമായ ഫിഡ്കോയിൽ നിന്നുള്ള രശീതി ഹാജരാക്കിയിട്ടുണ്ട്. എന്നാൽ 150 സൈക്കിളുകൾ സ്റ്റോക്കിലെടുക്കുകയോ, വിതരണം ചെയ്തതായോ ഉള്ള തെളിവുകൾ ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. ചെലവ് തുക തടസത്തിൽ വെക്കുന്നു.

## 3-8 സാറ്റലൈറ്റ് ഡയറി ഫാം - അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ - ഡെപ്യൂട്ടി ഡയരക്ടർ, ക്ഷീരവികസനം

പ്രൊജക്ട് - 12/17

അടങ്കൽ - 2,40,000, വികസന ഫണ്ട് (ജനറൽ)

ചെലവ് - 2,40,000

നഗരസഭയിലെ 2 ക്ഷീരസംഘങ്ങളുടെ നേതൃത്വത്തിലുള്ള 6 അംഗങ്ങൾ വീതമുള്ള 2 കർഷക വനിത ഗ്രൂപ്പുകൾക്ക് സാറ്റലൈറ്റ് ഡയറി ഫാമുകൾ തുടങ്ങുന്നതിന് 1,20,000/- രൂപ വീതം ധനസഹായം നൽകുന്നതിനുള്ള പ്രൊജക്ടാണിത്. പ്രൊജക്ട് പ്രകാരം ഉദയം, നിള എന്നീ ക്ഷീരകർഷക വനിതാ കൂട്ടു ബാധ്യതാ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. സംഘങ്ങൾ വായ്പ എടുത്തിട്ടുള്ള ബാങ്കിലേക്ക് ബാക്ക് എൻഡ് സബ്സിഡിയായാണ് തുക നൽകിയിട്ടുള്ളത്. പ്രൊജക്ട് നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വാങ്ങിയ പശുക്കളെ ഗ്രൂപ്പുകളുടെ പേരുകളിൽ കൈപ്പറ്റി അതാത് ഫാമുകളിലാണ് വളർത്തേണ്ടത്. എന്നാൽ ഇതിന് പകരം ഇവയെ ഗ്രൂപ്പ് അംഗങ്ങൾ ഓരോരുത്തരും സ്വന്തം നിലയിൽ കൈപ്പറ്റി സ്വന്തം വീടുകളിൽ വളർത്തുന്നതായാണ് കാണുന്നത്. ഇത് പ്രോജക്ടിലെ 'ഫാം' എന്ന ആശയത്തിന് വിരുദ്ധമാണ്.

2. ജി.ഒ.(എം.എസ്) 4/16 തീയതി 11.01.2016 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 3.2(1) പ്രകാരം ഗ്രൂപ്പ് സംരംഭങ്ങൾ ഒറ്റയൂണിറ്റായി സാമ്പത്തിക പ്രവർത്തനങ്ങൾ നടത്തുകയും യൂണിറ്റിന് പൊതുവായ വിപണന സംവിധാനവും കണക്ക് സൂക്ഷിപ്പ് രീതിയും ഉണ്ടായിരിക്കുകയും വേണം. അങ്ങനെ അല്ലെങ്കിൽ വ്യക്തിഗത സംരംഭമായി കണക്കാക്കണം. എന്നാൽ സംഘങ്ങൾ ഒറ്റയൂണിറ്റായി പ്രവർത്തിക്കുന്നു എന്ന് തെളിയിക്കുന്ന രേഖകൾ (വരവ് ചെലവ് കണക്കുകൾ) പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. പശുക്കളെ ഇൻഷൂർ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. സംഘങ്ങൾക്ക് വായ്പ ലഭിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ടിരുന്നെങ്കിലും നിള ക്ഷീരകർഷക വനിതാ കൂട്ടു ബാധ്യതാ സംഘം രേഖകൾ ഹാജരാക്കിയിട്ടില്ല.

5.. പദ്ധതി നടപ്പാക്കിയതിന്റെ മോണിറ്ററിങ് റിപ്പോർട്ട് പരിശോധനക്ക് ലഭിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാനും രേഖകൾ പരിശോധനക്ക് ഹാജരാക്കാനുമാവശ്യപ്പെട്ടു കൊണ്ട് നൽകിയ 31.05.2017ലെ ഓഡിറ്റ് എൻക്വയറി നം.20ന് മറുപടി സമർപ്പിച്ചിട്ടില്ല. ചെലവ് തുക 2,40,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-9 ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകൽ - അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ -ഡെപ്യൂട്ടി ഡയരക്ടർ, ക്ഷീരവികസനം

പ്രൊജക്ട് - 251/17

അടങ്കൽ - 3,40,000/- [വികസന ഫണ്ട് (ജനറൽ) ], 10,000/- [തനത് ഫണ്ട്]

ചെലവ് - 3,40,000 ബിൽ നം. 1/27.3.17 [വികസന ഫണ്ട് (ജനറൽ) ], 9,998 [തനത് ഫണ്ട്]

ക്ഷീരസംഘങ്ങളിൽ 2016 ഏപ്രിൽ മുതൽ 2017 ഫെബ്രുവരി വരെ അളക്കുന്ന പാലിന് 1 ലിറ്ററിന് 3 രൂപ തോതിൽ ക്ഷീരകർഷകർക്ക് തുക നൽകുന്നതിനുള്ള പ്രൊജക്ടാണിത്. പ്രൊജക്ട് പ്രകാരം താഴെ പറയുന്ന ക്ഷീരസംഘങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്.

രാമനാട്ടുകര ക്ഷീരോൽപാദക സഹകരണ സംഘം - 1,09,671

ചുള്ളിപ്പറമ്പ് ക്ഷീരോൽപാദക സഹകരണ സംഘം - 2,40,237

പ്രൊജക്ട് നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജി.ഒ.(എം.എസ്)4/16 തീയതി 11.1.16 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 3.2(8) പ്രകാരം സബ്സിഡി തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം. എന്നാൽ സബ്സിഡി തുക ക്ഷീരസംഘങ്ങളുടെ അക്കൗണ്ടിലേക്കാണ് നൽകിയത്.

2. ചുള്ളിപ്പറമ്പ് ക്ഷീരോൽപാദക സഹകരണ സംഘത്തിന് 240237 രൂപ നൽകിയിട്ടുണ്ട്. എന്നാൽ കർഷകർ പാൽ അളന്നതിന്റെ വിവരങ്ങൾ കാണിക്കുന്ന സ്റ്റേറ്റ്മെന്റ്, കർഷകർക്ക് സബ്സിഡി തുക കൈമാറിയതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. പദ്ധതി നടപ്പാക്കിയതിന്റെ മോണിറ്ററിങ് റിപ്പോർട്ട് പരിശോധനക്ക് ലഭിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാനും രേഖകൾ പരിശോധനക്ക് ഹാജരാക്കാനുമാവശ്യപ്പെട്ടു കൊണ്ട് നൽകിയ 31.5.17ലെ ഓഡിറ്റ് എൻക്വയറി നം.18ന് മറുപടി സമർപ്പിച്ചിട്ടില്ല. ചെലവ് തുക 3,49,998/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-10 ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ - കൈമാറിയ തുകക്കുള്ള മരുന്നുകൾ ലഭിച്ചില്ല

നഗരസഭയിൽ 2016-17 വർഷത്തിൽ ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ മേൽ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | : S0056 / 17 |
| പ്രോജക്ടിന്റെ പേര് | : ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| ഭരണാനുമതി | : 01/03.08.2016 |
| അടങ്കൽ | : 1,50,000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് തുക | : 1,50,000/-(ബിൽ നം. 01/2016-17 തീ. 25.02.2017) |

നഗരസഭയുടെ കീഴിലുള്ള ഹോമിയോ ഡിസ്പൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനു വേണ്ടി വിഭാവനം ചെയ്ത മേൽ പദ്ധതി പ്രകാരം, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ - ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് ,ആലപ്പുഴ എന്ന സ്ഥാപനത്തിന് തുക NEFT സംവിധാനം വഴി കൈമാറിയിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രശീത് ലഭിച്ചിട്ടില്ല. നാളിതുവരെയായും മരുന്നുകളൊന്നും തന്നെ ഹോമിയോ ഡിസ്പെൻസറിക്ക് ലഭ്യമായിട്ടുമില്ല. അപാകത വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(11/29.05.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 ആയുർവേദ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ - കൈമാറിയ തുകക്കുള്ള മുഴുവൻ മരുന്നുകളും ലഭിച്ചില്ല

നഗരസഭയിൽ 2016-17 വർഷത്തിൽ ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ മേൽ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ : S0007/ 17

പ്രോജക്ടിന്റെ പേര് : ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

ഭരണാനുമതി : 01/03.08.2016

അടങ്കൽ : 4,00,000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ചെലവ് തുക : 4,00,000/-(ബിൽ നം. 01/2016-17 തീ. 02.03.2017)

നഗരസഭയുടെ കീഴിലുള്ള ആയുർവേദ ഡിസ്പൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനു വേണ്ടി വിഭാവനം ചെയ്ത മേൽ പദ്ധതി പ്രകാരം, ഔഷധി ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിന് തുക NEFT സംവിധാനം വഴി കൈമാറിയിട്ടുണ്ട്. ആയതിന് ഔഷധി രശീത് നൽകിയിട്ടുണ്ട്(339/15.03.2017). എന്നാൽ ആവശ്യപ്പെട്ട മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല. 1,80,802/- രൂപയുടെ(നികുതി ഉൾപ്പടെ) മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. വിശദവിവരം ചുവടെ:

| മരുന്ന് ലഭ്യമായ തീയതി | ഇൻവോയ്സ് നം, തീയതി | തുക |
|---|---|---|
| 20.03.2017 | 3394/16.03.2017 | 1,00,871 |
| 01.04.2017 | 3463/21.03.2017 | 35,897 |
| 22.04.2017 | 3709/31.03.2017 | 44,034 |
| ആകെ | | 1,80,802 |

ശേഷിക്കുന്ന 2,19,198/- രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. അപാകത വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/29.05.2017) ലഭ്യമാക്കിയ മറുപടിയിൽ മരുന്ന് ലഭ്യമാക്കുന്നതിന് എത്രയും വേഗം നടപടി സ്വീകരിക്കുന്നതാണെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-12 പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി - സർക്കാർ ഉത്തരവ് പാലിക്കാതെ തുക ചെലവഴിച്ചു

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പെയിൻ ആന്റ് പാലിയേറ്റിവ് പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. .

| പ്രൊജക്ട് നം. | S0196/17 | |
|---|---|---|
| അടങ്കൽ | 3,15,000/-(വികസന ഫണ്ട് ജനറൽ) | |
| ഭരണാനുമതി | 01/03.08.2016 | |
| ചെലവ് | 24,720 | 01/2016-17, 19.10.2016 |
| | 47,958 | 02/2016-17, 20.12.2016 |
| | 47,278 | 03/2016-17, 25.01.2017 |
| | 24,935 | 04/2016-17, 14.03.2017 |
| | 27,799 | 05/2016-17, 24.03.2017 |
| | 41,113 | 06/2016-17, 29.03.2017 |
| | 93,070 | 07/2016-17, 29.03.2017 |
| | 3,06,873/- | |

പെയിൻ ആന്റ് പാലിയേറ്റിവ് പദ്ധതിയുടെ നടത്തിപ്പിന്റെ വ്യവസ്ഥകൾ നിർദേശിച്ചുകൊണ്ടുള്ള സ.ഉ (സാധാ) നം.

3217/2015/ത.സ്വ.ഭ.വ, തീ. 29.10.2015 ഉത്തരവ് പ്രകാരമുള്ള ചില വ്യവസ്ഥകൾ ലംഘിച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെ നൽകുന്നു

1.പട്ടിക പ്രസിദ്ധപ്പെടുത്തിയില്ല.

സ.ഉ. (സാധാ) നം. 3217/2015/ത.സ്വ.ഭ.വ തീയതി 29.10.2015 ലെ ഖണ്ഡിക 2.5.6 പ്രകാരം ഉത്തരവ് തീയതി മുതൽ 60ദിവസത്തിനകം പാലിയേറ്റിവ് പദ്ധതിയിൽ, നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പട്ടിക തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാതെ ഉത്തരവ് തീയതി കഴിഞ്ഞ് 60ദിവസത്തിന് ശേഷം പാലിയേറ്റിവ് പദ്ധതിയിൽ നിന്നു തുക ചിലവഴിക്കരുതെന്നും സർക്കാർ കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ നാളിതുവരെയായിട്ടും ഇത്തരത്തിലൊരു പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

2.പാലിയേറ്റിവ് കെയർ ഇമ്പ്ലിമെന്റേഷൻ കമ്മറ്റി.

ഉത്തരവ് ഖണ്ഡിക 2.4 പ്രകാരം രൂപീകരിക്കേണ്ട മേൽ പറഞ്ഞ കമ്മറ്റി രൂപീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ഖണ്ഡിക 2.4.2 പ്രകാരം, ഈ കമ്മറ്റി എല്ലാ മാസവും 5-ാം തീയതിക്കു മുമ്പായി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. എന്നാൽ, ഹാജരാക്കിയ മിനുട്ട്സ് പ്രകാരം 23.01.2017 ന് മാത്രമേ യോഗം ചേർന്നിട്ടുള്ളൂ. പ്രസ്തുത രജിസ്റ്റർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3.ഓൺലൈൻ അപ്ഡേഷൻ നടത്തുന്നില്ല.

ഉത്തരവ് ഖണ്ഡിക 2.6.3 (7) പ്രകാരം ഗൃഹസന്ദർശനാനന്തരം (അന്നോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ) അനുബന്ധം.3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് കമ്പ്യൂട്ടർ സോഫ്റ്റ് വെയർ മുഖേന അപ് ലോഡ് ചെയ്യണമെന്നുണ്ട്. എന്നാൽ ഐ.കെ.എം ഇതിനാവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിച്ചതിന്റെയോ റിപ്പോർട്ട് അപ്ഡേറ്റ് ചെയ്തതിന്റെയോ വിശദാംശങ്ങൾ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ലഭ്യമാക്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/30.05.2017)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 3-13 വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല.

ഓഡിറ്റ് വർഷത്തിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി മറ്റ് സ്ഥാപനങ്ങൾക്ക് നഗരസഭ ഫണ്ടിൽ നിന്നും താഴെ പറയുന്ന തരത്തിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെയും തുക വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രങ്ങൾ പരിശോധനക്കായി ലഭ്യക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പദ്ധതി പേര്, നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | ചെലവ് തുക | ബിൽ/ഡി.ഡി. നം, തീയതി |
|---|---|---|---|---|
| 1 | വിവിധ റോഡുകളിലെ വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ, 27/16-17 | സെക്രട്ടറി | 17,663/- (തനത് ഫണ്ട്) | 170753, 16.03.2017 (ചെക്ക്) |
| 2 | വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ, 26/16-17 | സെക്രട്ടറി | 4,00,000 (ധനകാര്യ കമ്മീഷൻ) | 50/16-17, 30.03.2017 |
| 3 | പട്ടികജാതി കോളനികളിൽ കുഴൽ കിണർ നിർമ്മാണം, 95/16-17 | സെക്രട്ടറി | 38,500/- (വി.ഫ.SCP) | 34/16-17, 24.03.2017 |
| 4 | തെരുവ് നായ വന്ധ്യകരണ പദ്ധതി, 143/16-17 | സെക്രട്ടറി | 2,00,000 (വി.ഫ) | 26/16-17, 28.02.2017 |
| 5 | ഐ.എ.വൈ.ഷെയർ (SC), 235/16-17 | സെക്രട്ടറി | 4,30,000 | 48/16-17, |

| | | | | |
|---|---|---|---|---|
| | | | 2,00,000 (വി.ഫ.SCP) | 31.03.2017<br>28/16-17, 28.02.2017 |
| 6 | എസ്.എസ്.എ. വിഹിതം, 46/16-17 | സെക്രട്ടറി | 6,00,000/- (വി.ഫ.) | 8/16-17, 28.10.2016 |
| 7 | എസ്.എസ്.എ. വിഹിതം,(SC) 47/16-17 | സെക്രട്ടറി | 1,00,000/- (വി.ഫ.SCP) | 9/16-17, 28.10.2016 |

നിർവഹണഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

1. പ്രൊജക്ട് - 172/17, വിവിധ അങ്കണവാടികളിൽ കുഴൽ കിണർ നിർമ്മാണം

അടങ്കൽ തുക – 1,20,000/- [ 78,029, വികസന ഫണ്ട് (ജനറൽ) - 41,971, സംരക്ഷണഗ്രാന്റ് (റോഡ്)]

ചെലവ് തുക - 67,988 ബിൽ നം. 34/31.03.2017

കളിയരങ്ങ് അങ്കണവാടി, പാറമ്മൽ അങ്കണവാടി എന്നീ സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിക്കുന്നതിന് 67,988/- രൂപ ഭൂജലവകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഭൂജലവകുപ്പ് ജില്ല ഓഫീസറുടെ ജി. ഡബ്ലിയു/കെ.കെ.ഡി/ടി-940/17 തീയതി 28.03.2017 നം. കത്ത് പ്രകാരം മേൽ സ്ഥലങ്ങളിൽ ജലലഭ്യത കുറവായ കുഴൽ കിണർ ശുപാർശ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയത്.

2. പ്രൊജക്ട് - 203/17, പട്ടികജാതി കോളനികളിൽ കുഴൽ കിണർ നിർമ്മാണം

അടങ്കൽ - 3,00,000/- വികസന ഫണ്ട് (എസ് സി പി)

ചെലവ് - 35,060/- ബിൽ നം. 26/30.03.2017

ഇത്തിളാംകുന്ന് എസ്.സി.കോളനിയിൽ (താഴെ ഭാഗം) കുഴൽ കിണർ കുഴിക്കുന്നതിന് 35,060/- രൂപ ഭൂജലവകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഭൂജലവകുപ്പ് ജില്ല ഓഫീസറുടെ ജി. ഡബ്ലിയു/കെ.കെ.ഡി/ടി-2786/16 തീയതി 16.01.2017 നം. കത്ത് പ്രകാരം കോളനിയിലെ ശ്രീ.ജയന്തൻ എന്ന സ്വകാര്യ വ്യക്തിയുടെ പുരയിടത്തിന്റെ വടക്ക് കിഴക്ക് മൂലയിൽ കുഴൽ കിണർ ശുപാർശ ചെയ്തിട്ടുണ്ട്. സ്വകാര്യ വ്യക്തിയുടെ സ്ഥലത്തായതിനാൽ ലാൻഡ് റിലിങ്കിഷ്മെന്റ് ഫോറം പൂരിപ്പിച്ച് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകണമെന്ന് ജില്ല ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം, ലാൻഡ് റിലിങ്കിഷ്മെന്റ് ഫോറം, കുഴൽ കിണർ കുഴിച്ച് വെള്ളം ലഭ്യമായിട്ടുണ്ടോ എന്നുള്ളത് വ്യക്തമാക്കുന്ന മോണിറ്ററിങ് റിപ്പോർട്ട് എന്നിവ പരിശോധനക്ക് ഹാജരാക്കാനുമാവശ്യപ്പെട്ടു കൊണ്ട് നൽകിയ 31.05.2017ലെ ഓഡിറ്റ് എൻക്വയറി നം.19ന് മറുപടി സമർപ്പിച്ചിട്ടില്ല.

വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. ചെലവഴിച്ച തുക 20,89,211/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-14 ആശ്രയ ഗുണഭോക്താക്കളെ പരിഗണിക്കാതെ പദ്ധതികൾ നടപ്പാക്കുന്നു.

കേരളത്തിലെ നിരാശ്രയരും, നിരാലംബരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കര കയറ്റുന്നതിനും, അവരുടെ പുനരധിവാസം നടത്തുന്നതിനുമായിട്ടാണ് ആശ്രയ പരിപാടിയുടെ നടത്തിപ്പിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചത്. [സ.ഉ.(എം.എസ്) 71/2003/പ്ലാനിംഗ്, തീയ്യതി.12.11.2003, സ.ഉ(എം.എസ്)12/2010/ത.സ്വ.ഭ.വ]. 28.01.2004 ലെ 1344/എ.1/ 2004/പ്ലാനിംഗ് നമ്പർ സർക്കുലറിലൂടെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം നൽകുന്നതിന് മറ്റ് വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പ്രക്രിയ ബാധകമല്ലെന്ന് സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

11.01.2016 ലെ (എം എസ്) 04/2016 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് അനുബന്ധം.13 ഖ. 6.7(i) പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ

രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഖ. 6.8 (i); അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. (ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം. എന്നാൽ നഗരസഭ പരിധിയിൽ നിലവിലും ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭവനം, കുടിവെള്ളം, കക്കൂസ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് സ്ഥലം, ഭവനം തുടങ്ങിയവ ലഭ്യമാക്കാത്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ആദ്യ ഘട്ടം | തുടർ സേവനം | രണ്ടാം ഘട്ടം |
|---|---|---|---|
| വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 13 | 1 | 2 |
| നാളിതുവരെ ലഭിച്ചവർ | 6 | --- | --- |
| വീട് ആവശ്യമുള്ളവർ | 27 | 3 | 13 |
| നാളിതുവരെ ലഭിച്ചവർ | 16 | 1 | --- |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 14 | 5 | 3 |
| നാളിതുവരെ ലഭിച്ചവർ | 11 | 4 | --- |
| കക്കൂസ് ആവശ്യമുള്ളവർ | 30 | --- | 4 |
| നാളിതുവരെ ലഭിച്ചവർ | 18 | --- | --- |
| കുടിവെള്ളം ആവശ്യമുള്ളവർ | 6 | 6 | 3 |
| നാളിതുവരെ ലഭിച്ചവർ | 4 | 4 | ---- |

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെന്നും, ദുർബലരെന്നും പഞ്ചായത്ത്/നഗരസഭ അധികാരികൾ തന്നെ പരിശോധിച്ച് ഉറപ്പ് വരുത്തിയ പ്രസ്തുത വിഭാഗക്കാരുടെ ഇല്ലായ്മകൾ പൂർണ്ണമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രത്യേക പരിഗണന നൽകി സംരക്ഷിക്കേണ്ട ഗുണഭോക്താക്കളെ ഒഴിവാക്കി ഭവന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആശ്രയ ഗുണഭോക്താക്കൾക്ക് അർഹമായ പരിഗണന നൽകിയതിനു ശേഷം ജനറൽ പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കേണ്ടതാണ്.

## 3-15 സ്വയം തൊഴിൽ സംരംഭങ്ങൾ പ്രവർത്തന രഹിതം.

ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ആളുകളെ മൈക്രോ സംരംഭങ്ങളിലേക്ക് കൊണ്ടു വന്ന് സ്ഥായിയായ തൊഴിൽ സംരംഭങ്ങളിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം ഇല്ലാതാക്കുന്നതിനായി മുൻവർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് (നിലവിൽ നഗരസഭ) വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതി മുഖേന സബ്സിഡി ലഭിച്ച് ആരംഭിച്ച തൊഴിൽ സംരംഭങ്ങളുടെ നിലവിലെ പ്രവർത്തനങ്ങൾ, സംരംഭങ്ങളുടെ വിജയ, പരാജയങ്ങൾ എന്നിവ പരിശോധിച്ചതിൽ നിന്നും ചില സംരംഭങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കൺവീനറുടെ പേര്, തൊഴിൽ സംരംഭം, | ആരംഭിച്ച തീയ്യതി, വർഷം | അംഗങ്ങളുടെ എണ്ണം | പദ്ധതി തുക | സബ്സിഡി അനുവദിച്ച തുക | ഫണ്ട് തരം |
|---|---|---|---|---|---|
| ശ്രീമതി.ബിന്ദു.എൻ<br>അക്ഷയ വനിത ഹോട്ടൽ | 28.02.2003 | 4 | 250000 | 125000 | പഞ്ചായത്ത് |
| | | | | 7500 | റിവോൾവിംഗ് |
| ശ്രീമതി.ശശികല.എ<br>നിവേദിത ഹാന്റി ക്രാഫ്റ്റ്സ് | 28.06.2003 | 10 | 100000 | 50000 | പഞ്ചായത്ത് |
| | | | | 10000 | റിവോൾവിംഗ് |
| ശ്രീമതി. പങ്കജാക്ഷി. കെ.<br>സൌഭാഗ്യ സോപ്പ് നിർമ്മാണയൂണിറ്റ് | 25.04.2004 | 10 | 100000 | 50000 | പഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| ശ്രീമതി.സുധ, അർച്ചന പാള പ്ലെയിറ്റ് | 2005 | 5 | 100000 | 50000 | എസ്.സി.എ |
| ശ്രീമതി.പുഷ്പ ഉഷസ്സ് കോട്ടൺ ക്യാരി ബാഗ് യൂണിറ്റ് | 15.08.2006 | 10 | 200000 | 100000 | പഞ്ചായത്ത് |
| ശ്രീമതി.രമ.ഇ, സ്വാദി കറി പൌഡർ | 2006 | 5 | 40000 | 20000 | പഞ്ചായത്ത് |
| ശ്രീമതി.നഫീസ സിൽവർ സ്റ്റാർ പേപ്പർ കപ്പ് യൂണിറ്റ് | 08.08.2007 | 8 | 300000 | 120000 | പഞ്ചായത്ത് |
| ശ്രീമതി.സഫിയ രുചി കാറ്ററിംഗ് യൂണിറ്റ് | 20.08.2007 | 10 | 200000 | 100000 | പഞ്ചായത്ത് |
| ശ്രീമതി.വനജ, ഐശ്വര്യ പേപ്പർ ബാഗ് & പേപ്പർ കവർ | 2007 | 13 | 250000 | 125000 | പഞ്ചായത്ത് |
| ശ്രീമതി.സുബൈദ.എം. നക്ഷത്ര കുട നിർമ്മാണം | 20.04.2008 | 10 | 50000 | 25000 | പഞ്ചായത്ത് |
| ശ്രീമതി.റാബിയ.എൻ.കെ. മഹിമ നാളികേര സംസ്കരണ യൂണിറ്റ് | 2008 | 13 | 250000 | 125000 | പഞ്ചായത്ത് |
| ശ്രീമതി.ശോഭന.പി. ഗ്രാമദീപം റെഡിമെയ്ഡ് യൂണിറ്റ് | 18.05.2011 | 6 | 250000 | 125000 | പഞ്ചായത്ത് |
| ശ്രീമതി.ഷരീഫ സൌഭാഗ്യ റെഡിമെയ്ഡ്സ് | 2011 | 10 | 250000 | 125000 | പഞ്ചായത്ത് |

സബ്സിഡി അനുവദിച്ച് സ്വയം തൊഴിൽ സംരംഭങ്ങളുടെ ആരംഭം മുതൽ വിവിധ ഘട്ടങ്ങളിൽ പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടത് സി.ഡി.എസ് ന്റെ അനിവാര്യ ചുമതലയിൽപെട്ടതാണ്. മേൽ വിവരിച്ചവയിൽ പല പദ്ധതികളും കൃത്യമായ മോണിറ്ററിംഗിലൂടെയും, സഹായ സഹകരണങ്ങൾ, ഉപദേശങ്ങൾ എന്നിവ വഴി നിലനിർത്താമായിരുന്നതാണ്. എന്നാൽ സബ്സിഡി വിതരണം ചെയ്തതിനു ശേഷം സംരംഭങ്ങളുടെ തുടർ പ്രവർത്തനങ്ങളിൽ നിരീക്ഷണങ്ങൾ നടത്തി ആവശ്യമായ സഹായ സഹകരണങ്ങൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും നൽകിയില്ല. തങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ യാതൊരു തരത്തിലും ദുരുപയോഗം ചെയ്യില്ല എന്ന് കരാർ മുഖേന പഞ്ചായത്തിൽ സത്യവാങ്ങ് മൂലം എഴുതി തരുന്ന ഗുണഭോക്താക്കളും പഞ്ചായത്തുമായി ചമച്ച കരാർ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയും, കരാർ ലംഘനം നടത്തുകയും ചെയ്തിട്ടുണ്ട്. സബ്സിഡി കൈപ്പറ്റിയ ഗുണഭോക്താക്കൾ ആയത് വിനിയോഗിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്തിൽ നിന്നും അനുവദിച്ച തുക പലിശ സഹിതം തിരികെയീടാക്കേണ്ടതാണ്. നടപടിക്രമങ്ങൾ ഓഡിറ്റിൽ യഥാസമയം അറിയിക്കേണ്ടതാണ്.

## 3-16 വായനശാലക്ക് ഫർണിച്ചർ-വിതരണ രേഖകളില്ല

പ്രോജക്ട് നം-221/17

നിർവഹണ ഉദ്യോഗസ്ഥൻ -ഹെഡ് മാസ്റ്റർ

അടങ്കൽ തുക -4,00,000/- [ഫണ്ട്-വികസന ഫണ്ട്(ജനറൽ)]

ചെലവ് തുക – 1,02,900/- [ബിൽനം-1/16-17 തീയതി-31.03.2017]

ടെണ്ടർ ലഭിച്ച് സാധനം വിതരണം ചെയ്തത്-കോസ്റ്റൽ ഫർണിച്ചർ,കടലുണ്ടി

മുനിസിപ്പാലിറ്റിയിലെ പൊതുജന വായനശാലക്ക് ഫർണിച്ചർ വിതരണത്തിനുള്ളതാണ് മേൽ പ്രോജക്ട്.താഴെ കൊടുത്ത ഫർണിച്ചറുകൾ ഈ പ്രോജക്ട് പ്രകാരം വാങ്ങിയതായി ബില്ലിൽ നിന്നും മനസിലാക്കുന്നു.

1.ഗ്ലാസ് ഡോറുള്ള സ്റ്റീൽ ഷെൽഫ്-5

2.ആൻഗിൾ റാക്ക് -5

3.വായനക്കുള്ള മേശ -3

4.പ്ലാസ്റ്റിക് കസേര -20

5.ബെഞ്ച് -4

6.സൈഡ് ഡ്രോ ഉള്ള മേശ -2

ചെലവു തുകക്ക് കോസ്റ്റൽ ഫർണിച്ചർ രശീതി ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഫർണിച്ചർ സ്റ്റോക്കിലെടുക്കുകയോ, വിതരണം ചെയ്തതായോ ഉള്ള തെളിവുകൾ ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. മേൽ തുക തടസത്തിൽ വെക്കുന്നു.

## 3-17 ഭവന നിർമ്മാണ പ്രോജക്ടുകൾ നടപ്പിലാക്കിയതിലെ അപാകതകൾ

2016-17 വർഷത്തിൽ വി.ഇ.ഒ. നിർവഹണം നടത്തിയ 208/17 – പഞ്ചായത്ത് ഭവന പദ്ധതി എന്ന പ്രോജക്ടിന്റെ പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കിയ സാഹചര്യത്തിൽ വളരെ കുറവ് ഭവന രഹിതർ മാത്രമേ ഉണ്ടായിരിക്കാൻ സാധ്യതയുള്ളൂ എന്നതിനാൽ കേന്ദ്ര-സംസ്ഥാന പരിപാടികൾ പ്രകാരമുള്ള പദ്ധതികൾ സമന്വയിപ്പിച്ച് എന്നതിനാലും പി.എം.എ.വൈ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം നഗരപ്രദേശങ്ങളിലെ മുഴുവൻ പേർക്കും വീട് ലഭ്യമാക്കാൻ കഴിയും എന്നതിനാലും സ്വന്തമായ ഭവന നിർമ്മാണ പദ്ധതികൾ നഗരഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ല എന്ന് 2016-17 മാർഗരേഖ സ.ഉ.(എം.എസ്)നം4/16/തസ്വഭവ തീയതി-11.01.2016 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. വി.ഇ.ഒ. നടപ്പാക്കിയ 208/17 – പഞ്ചായത്ത് ഭവന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് തനത് ഫണ്ടിൽ നിന്നും 1,2 ഗഡുക്കൾ അനുവദിച്ചിട്ടുണ്ട്.

2.ഭവന നിർമ്മാണത്തിനുള്ള ഗുണഭോക്താക്കൾക്ക് ഒരിക്കൽ വീട് നിർമ്മാണത്തിനുള്ള ധനസഹായം ലഭിച്ചിട്ടുള്ളവർക്ക് വീണ്ടും പുതിയ വീടിന് ധനസഹായം നല്കാൻ പാടില്ല. കൂടാതെ കുടുംബത്തിന് വാസയോഗ്യമായ വീടില്ല എന്ന് നിശ്ചിത ഫോറത്തിൽ വിവരശേഖരണം നടത്തി നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കണം. എന്നാൽ ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുള്ളവർക്ക് മുൻകാലങ്ങളിൽ പ്രസ്തുത ധനസഹായം അനുവദിച്ചിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3.നിർമ്മിക്കുന്ന വീട് 12 വർഷത്തേക്ക് അന്യാധീനപ്പെടുത്തുകയോ കൈമാറ്റം ചെയ്യുകയോ ഇല്ല എന്നതിന് തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവ് നഗരസഭ സെക്രട്ടറിയുടെ പേരിൽ കരാർ എഴുതി രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യണം. അപ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഗുണഭോക്താക്കളുടെ ലിസിറ്റ് താഴെ കൊടുക്കുന്നു.

1.ലത കെ,ചെമ്പ്രത്ത്,പാലക്ക പറമ്പ്,വൈദ്യരങ്ങാടി

2.ജിഷ കെ വി,കിഴക്കെ വൈലാശ്ശേരി,ഫാറൂക്ക് കോളേജ്

3.തങ്കം പി,തലയമ്പലത്ത്,രാമനാട്ടുകര

4.ഗീത എം,മുടക്കഴിതാഴം,ഫാറൂക്ക് കോളേജ്

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. റജിസ്ട്രേഷൻ നടത്തി ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-18 പ്രോജക്ട് രൂപീകരണം-മാർഗരേഖയിൽ നിന്നും വ്യതിചലനം

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖ സ.ഉ.(എം.എസ്) നം.4/2016/ത.സ്വ.ഭ.വ, തീയതി-11.01.2016 അനുബന്ധം 1(2)പ്രകാരം നഗരഭരണ സ്ഥാപനങ്ങളിൽ രൂപീകരിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ മേൽനോട്ട നിയന്ത്രണ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി കൺവീനർ/ ചെയർപേഴ്സൻ ആയി പ്രവർത്തിക്കേണ്ട വ്യക്തി എന്നിവ വിവരിക്കുന്നുണ്ട്. ഇതനുസരിച്ച് പാർപ്പിടം എന്ന വർക്കിംഗ് ഗ്രൂപ്പ് പൊതുമരാമത്ത് സ്റ്റന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ട നിയന്ത്രണ ചുമതലയിലാണ്. എന്നാൽ നഗരസഭയിൽ നിർവഹണം നടത്തിയ ഭവന/ഭവന പുനരുദ്ധാരണ പ്രോജക്ടുകൾ താഴെ പറയുന്ന സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടത്തിലാണ് രൂപീകരിച്ചിട്ടുള്ളത്.

| നം | പ്രോജക്ട് നം | വർക്കിംഗ് ഗ്രൂപ്പ് | സ്റ്റാന്റിംഗ് കമ്മിറ്റി |
|---|---|---|---|
| 1 | 139/17 | ദാരിദ്ര്യ ലഘൂകരണം | ക്ഷേമകാര്യം |
| 2 | 145/17 | ദാരിദ്ര്യ ലഘൂകരണം | ക്ഷേമകാര്യം |
| 3 | 94/17 | ദാരിദ്ര്യ ലഘൂകരണം | ക്ഷേമകാര്യം |
| 4 | 147/17 | ദാരിദ്ര്യ ലഘൂകരണം | ക്ഷേമകാര്യം |
| 5 | 208/17 | ദാരിദ്ര്യ ലഘൂകരണം | വികസനം |

മാർഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതി ആസൂത്രണവും പ്രോജക്ട് രൂപീകരണവും നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-19 ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി ലഭ്യമാക്കിയില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 30(1) പ്രകാരം മുനിസിപ്പാലിറ്റി പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല നഗരസഭകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 30(9), 2013 ലെ കേരള മുനിസിപ്പാലിറ്റി (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം.3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന എൻ.എച്ച്.എം. ആയുർവ്വേദ ആശുപത്രിയിൽ മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും എച്ച്.എം.സി. ആരംഭിച്ച വർഷം മുതലുള്ള വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. മേൽ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. എച്ച്.എം.സി.യുടെ വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി ലഭ്യമാക്കാനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റുവർഷം സംയുക്ത പ്രോജക്ടുകൾക്കായി തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-2 നിക്ഷേപപ്രവൃത്തികൾക്കായി ലഭിച്ച തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർനം-ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| GWD | കുഴൽകിണർ | | 38500<br>35060 | | 38500<br>35060 |
| KSEB | സ്ട്രീറ്റ് മെയിൻ | | 4,00,000 | | 4,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകി യത്

സാമ്പത്തികവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4410830 |
| തൻവർഷം നിക്ഷേപിച്ച തുക | 400018 |
| ആകെ | 4810848 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ----- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-1 | 9445 | മുഹമ്മദ് ബഷീർ എം, കൗൺസിലർ | 11603114058/4.03.17 |

## 4-7 സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 36 | 2003-04 | പൊതു പരാമ ർശങ്ങൾ 1(24) | മൺപാത്ര നിർമ്മാണത്തിന് ധനസഹായം |
| 2000-01 | 2-11 | 2004-05 | പൊതു പരാമർശങ്ങൾ 1(2) | പുതിയ മാതൃകയിലുള്ള ക്യാഷ് ബുക്കും അനുബന്ധ രേഖകളും എഴുതി സൂക്ഷിക്കാത്തത് |
| 2001-02 | 7 | 2003-04 | മറ്റ് പരാമർശങ്ങൾ | ഉണ്ണിയാലുമ്മൽ മേലേവാരം റോഡ് പരിഷ്കരണം |
| 2002-03 | 3-2 | 2006-07 | 3.87.1 | ചിറക്കാംകുന്ന്കുടിവെള്ള പദ്ധതി-അപാകം |
| | 3-4 | | 3.79.15(7) | കേരളാ വികസന പദ്ധതി അപാകം |
| | 3-7 | | 3.79.12(3) | കാർഷിക മേഖലയിലെ യന്ത്രവൽക്കരണം |
| | 3-17 | | 3.79.10(6) | കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ്ജ് |
| | 3-18 | | 3.79.7(3) | സി.എഫ്.എൽ ലാമ്പുകളുടെ അറ്റകുറ്റപ്പണി അപാകം |
| | 3-24 | | 3.79.6(13) | റോയൽറ്റി ആർ.എം.എഫ് അടവാക്കിയതിലെ അപാകം |
| 2001-02 | 1(എ,ബി,സി) | 2005-06 | 11(11) | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, വാർഷിക കണക്കുകൾ എസ്റ്റാബ്ലിഷ് മെന്റ് ചെലവ് |
| | 3-16(ബി) | | 4(6) | വീട്ടു നിർമ്മാണം |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 69375682 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58087997 |
| വരവിനങ്ങളിലുള്ള നഷ്ടം | --------- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3351570 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-6 | --------- | 4000 | സെക്രട്ടറി.സുരേഷ് കുമാർ.എൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 569491 | ശ്രീ.ജോയ് ജോൺ, ഹെഡ്മാസ്റ്റർ, |
| 3-8 | 240000 | ശ്രീമതി ശോഭന ,എം, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-9 | 349998 | ശ്രീമതി ശോഭന ,എം, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-13 | 2089211 | സെക്രട്ടറി.സുരേഷ് കുമാർ.എൻ |
| 3-16 | 102900 | ശ്രീ.ജോയ് ജോൺ, ഹെഡ്മാസ്റ്റർ, |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2(3), 2(5), 2(6), 2(7), 2(18), 2(19), 3(5)

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുരേഷ് കുമാർ.എൻ | സെക്രട്ടറി, രാമനാട്ടുകര നഗരസഭ | നെരയിലാട്ട് ഹൗസ്, തിന്നൂർ, കക്കട്ടിൽ വഴി, കോഴിക്കോട്-673507 |

## 4-9 തീർപ്പാക്കാനവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ

31.10.2015 വരെയുള്ള ഗ്രാമപഞ്ചായത്ത് റിപ്പോർട്ടുകളും. 01.11.2015 മുതൽ നഗരസഭ റിപ്പോർട്ടും

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽ.എഫ്.കെ.കെ.ഡി(പി2)1444/12(1) തീ. 4.11.13 | 02 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി(പി2)1494/09(10) തീ. 4.11.13 | 01 |

| | | |
|---|---|---|
| 2001-02 | എൽ.എഫ്.കെ.കെ.ഡി(പി2)1444/12(2) തീ. 4.11.13 | 04 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി(പി2)1444/12(3) തീ. 4.11.13 | 06 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി(പി2)1444/12(4) തീ. 4.11.13 | 04 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി(പി2)1444/12(5) തീ. 4.11.13 | 07 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി(പി2)1451/08 തീ. 6.11.09 | 26 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി(പി2)1454/10 തീ. 5.4.11 | 44 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി(പി2)1455/10 തീ. 4.3.11 | 56 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി(പി2)206/11 തീ. 3.3.11 | 39 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി(എസ്2)470/ തീ. 2.4.13 | 50 |
| 2010-11 | എൽ.എഫ്.കെകെഡി(പി2)339/ തീ. 14 6.5.14 | 18 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി(പി2)1638/14 തീ. 6.1.15 | 16 |
| 2012-13, 2013-14 | എൽ.എഫ്.കെ.കെ.ഡി(പി2)/329/15 തീ. 31.03.2015 | 27 |
| 2014-15 | കെ.എസ്.എ /കെ.കെ.ഡി/പി2/2023/15. തീ. 28.12.2015 | 27 |
| 2015-16 (31-10-15വരെ) | കെ.എസ്.എ കെ.കെ.ഡി പി.8/117/17 തീ.28-1-2017 (ഗ്രാമപഞ്ചായത്ത്) | |
| 2015-16 (1-11-15 മുതൽ ) | കെ.എസ്.എ കെ.കെ.ഡി പി.14/125/16 തീ. 30-1-2017 | |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്

# അനുബന്ധം - 1

## അനുബന്ധം

കെ.എസ്.എ.കെ.കെ.ഡി/പി 8/ 1684/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി-18.08.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4ാം വകുപ്പും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)- ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ രാമനാട്ടുകര നഗരസഭയുടെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്

No.KSA.KKD.P8/1684/2017

Kerala State Audit Department
District Audit Office

Civil Station – Kozhikode

PH: 0495-2371012

Dated:18-8-2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of RAMANATTUKARA MUNICIPALITY in Kozhikode District for the year ended on 31.03.2017 in accordance with section'4' of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municipality Act 1994; the rules made there under and the guidelince issued by the Comptroller and Auditor Generla of India for the purpose of certification of accounts of Municipalities.

In my openion, the Financial Statements of Ramanattukara Municipality for the year 2016-17 subject to the observations in my audit report properly presents the picture of income and expenditure.

JOINT DIRECTOR
Kerala State Audit Department
District Audit Office, Kozhikode